2023
APRIL
29
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഓപ്പറേഷൻ കാവേരി രക്ഷിച്ചവരുടെ എണ്ണം 2400 കടന്നു

**ജിദ്ദ:** ആഭ്യന്തരകലാപം രൂക്ഷമായ സുഡാനിൽനിന്ന് 135 ഇന്ത്യൻ പൗരന്മാർ കൂടി ജിദ്ദയിലെത്തി. വ്യോമസേനയുടെ സി130ജെ വിമാനത്തിലാണ് 120ം സംഘം ജിദ്ദയിൽ വന്നിറങ്ങിയത്. കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ സംഘത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. നാവികസേനയുടെ പടകപ്പൽ ഐഎൻഎസ് സുമേധയിൽ 300 പേരുടെ പുതിയ സംഘവും പോർട്ട് സുഡാനിൽനിന്ന് പുറപ്പെട്ടുകഴിഞ്ഞു.

ഇതോടെ കലാപഭൂമിയിൽനിന്ന് ജിദ്ദയിലെത്തിച്ചവരുടെ എണ്ണം 2400 കടന്നു.

ജിദ്ദയിൽനിന്ന് 1600ൽ പരം ആളുകളെയാണ് ഇതുവരെ ഇന്ത്യയിലേക്കു തിരിച്ചെത്തിച്ചത്. 231 പേർ ഇന്നു പുലർച്ചയോടെ ഡൽഹിയിലേക്ക് തിരിച്ചു.

ജിദ്ദയിൽ എത്തിയ ബാക്കിയുള്ളവരെ വിമാനങ്ങളുടെ ലഭ്യത അനുസരിച്ച് നാട്ടിലെത്തിക്കാനുള്ള നടപടിക്രമങ്ങളും അതിവേഗം പുരോഗമിക്കുകയാണ്.

## വൈദ്യുതി ഉൽപാദനം: നികുതി ഈടാക്കരുതെന്ന് കർശന നിർദേശം

**ന്യൂഡൽഹി:** വൈദ്യുതി ഉൽപാദനത്തിനുമേൽ ഒരു തരത്തിലുമുള്ള നികുതി ഈടാക്കരുതെന്ന കേന്ദ്ര നിർദേശം കേരളത്തിൽ സൗരോർജത്തിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നവർക്ക് ഗുണകരമായേക്കും. നിലവിൽ എനർജി ഡ്യൂട്ടിയെന്ന പേരിൽ ഉൽപാദകരിൽ നിന്ന് തുക ഈടാക്കുന്നുണ്ട്. കേരളത്തിലെ സോളർ ഉൽപാദകരിൽ നിന്ന് യൂണിറ്റിന് 1.2 പൈസയെന്ന നിരക്കിലാണ് എനർജി ഡ്യൂട്ടി ചുമത്തുന്നത്. ഏത് സ്രോതസ്സിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗത്തിനു മേലും തീരുവ ചുമത്തുന്നത് നിയമവിരുദ്ധവും ഭരണഘടനാ ലംഘനവുമാണെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര ഊർജ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് കത്തയച്ചത്.

## ആശങ്കയോടെ യുഎസ് സാമ്പത്തിക മാന്ദ്യം

**വാഷിങ്ടൻ:** സാമ്പത്തിക മാന്ദ്യ ഭീഷണി വിട്ടു മാറാതെ യുഎസ്. കൊമേഴ്സ് ഡിപ്പാർട്മെന്റ് പുറത്തുവിട്ട കണക്കു പ്രകാരം ജനുവരി മാർച്ച് കാലയളവിൽ സാമ്പത്തിക രംഗം 1.1 ശതമാനം വളർച്ച മാത്രമാണ് നേടിയത്. ഉയർന്ന പലിശ നിരക്കും, പുതിയ നിക്ഷേപം നടത്താൻ കമ്പനികൾ മടിക്കുന്നതുമാണ് കാരണമായി പറയുന്നത്. കഴിഞ്ഞ ഒക്ടോബർ ഡിസംബർ കാലയളവിൽ 2.6 ശതമാനം വളർച്ച നേടിയിരുന്നു. ജൂലൈ സെപ്റ്റംബർ കാലത്തെ വളർച്ച 3.2 ശതമാനവും. ഉപഭോക്താക്കൾ ചെലവഴിക്കുന്ന തോതിലും കാര്യമായ വർധന കൈവരിക്കാൻ സാധിച്ചില്ല. യുഎസിലെ സാമ്പത്തിക പ്രവർത്തനങ്ങളിൽ 70 ശതമാനം ഈ മേഖലയിലാണ്.



ജനുവരി മാർച്ച് കാലയളവിൽ 1.9 ശതമാനം വർച്ചയാണ് സാമ്പത്തിക രംഗം പ്രതീക്ഷിച്ചിരുന്നത്. നാണ്യപ്പെരുപ്പം നിയന്ത്രിക്കാൻ ഫെഡറൽ റിസർവ് 9 തവണയാണ് പലിശ നിരക്ക് ഉയർത്തിയത്. എന്നിട്ടും ലക്ഷ്യമിട്ട 2 ശതമാനത്തിനു താഴെ വിലക്കയറ്റത്തോതിനെ പിടിച്ചു നിർത്താൻ സാധിച്ചിട്ടില്ല. പലിശ നിരക്ക് ഉയർന്നു നിൽക്കുന്നത് വീണ്ടും ഭീഷണി ഉയർത്തുമെന്ന ആശങ്കയിലാണ് വ്യവസായ രംഗം. 2 പ്രമുഖ ബാങ്കുകളുടെ തകർച്ച, വായ്പാ വിതരണത്തിൽ കനത്ത നിയന്ത്രണം ഏർപ്പെടുത്താനും ബാങ്കുകളെ പ്രേരിപ്പിക്കുന്നു. റീട്ടെയ്ൽ മേഖലയും മാന്ദ്യം നേരിടുന്നുണ്ട്. ജനുവരി മാർച്ച് കാലയളവിൽ തൊഴിൽ ലഭ്യതയുടെ തോതിൽ നേരിയ കുറവ് ഉണ്ടായെങ്കിലും ഈ രംഗം ശക്തമായി നിലനിൽക്കുന്നത് ആശ്വാസത്തിനു കാരണമാകുമെന്ന് സാമ്പത്തിക വിദഗ്ധർ പറയുന്നു.

അടുത്ത ആഴ്ച്ച ഫെഡറൽ റിസർവ് പലിശ നിരക്കിൽ വരുത്തുന്ന മാറ്റങ്ങളിലാണ് ഇനി വിപണിയുടെ ശ്രദ്ധ.

## വന്ദേഭാരതിൽ വൈകാതെ ട്രെയിൻ ഹോസ്റ്റസും

**പത്തനംതിട്ട:** വന്ദേഭാരത് ട്രെയിനിൽ വൈകാതെ വിമാനത്തിലെ മാതൃകയിൽ ട്രെയിൻ ഹോസ്റ്റസിനെ നിയമിക്കും. എക്സിക്യൂട്ടീവ് ക്ലാസിൽ യാത്രക്കാരെ സ്വീകരിക്കാനും ഭക്ഷണം നൽകാനുമാണ് ഇവരെ നിയോഗിക്കുന്നത്. ചെയർ കാർ കോച്ചുകളിലേക്കും കേറ്ററിങ് കമ്പനി ആളുകളെ എടുക്കുന്നുണ്ട്. ഡൽഹി, ഝാൻസി റൂട്ടിലോടുന്ന ഗതിമാൻ എക്സ്പ്രസിൽ ട്രെയിൻ ഹോസ്റ്റസുണ്ട്.

തിരുവനന്തപുരം,കാസർകോട് വന്ദേഭാരതിലെ കേറ്ററിങ് കരാർ ഡൽഹിയിലെ കമ്പനി റെക്കോർഡ് തുകയായ 1.77 കോടി രൂപയ്ക്കാണു നേടിയിരിക്കുന്നത്. നിലവിലുള്ള വന്ദേഭാരത് ട്രെയിനുകളിലെ ഏറ്റവും വലിയ തുകയുടെ കരാറാണിത്. രാജ്യത്തെ 16 വന്ദേഭാരത് ട്രെയിനുകളിൽ 12 എണ്ണത്തിലും ഇതേ കമ്പനിക്കാണു കരാർ. തിരുവനന്തപുരത്തെയും തൃശൂരിലെയും ബേസ് കിച്ചണിൽ നിന്നാണു ഭക്ഷണം എത്തിക്കുന്നത്.

ട്രെയിൻ ഹോസ്റ്റസുമാരുടെ ഒഴിവുകളിലേക്ക് ആളെ ക്ഷണിച്ചു കഴിഞ്ഞ ദിവസം പരസ്യം നൽകിയിരുന്നു. ഒട്ടേറെ അപേക്ഷകൾ ഇതിനകം ലഭിച്ചു. മലയാളത്തിനു പുറമേ ഇംഗ്ലിഷും ഹിന്ദിയും സംസാരിക്കാനറിയുന്ന 10 പേരെയാണു തിരഞ്ഞെടുക്കുക.

## റെയ്മണ്ട്സിന്റെ എഫ്എംസിജി ബിസിനസ് ഏറ്റെടുത്ത് ഗോദ്റെജ്

**ന്യൂഡൽഹി:** ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) റെയ്മണ്ട്സിന്റെ എഫ്എംസിജി ബിസിനസ് ഏറ്റെടുക്കുന്നു. ഏകദേശം 2825 കോടി രൂപയുടെ ഏറ്റെടുക്കലാണിത്. പാർക്ക് അവന്യൂ, കാമസൂത്ര തുടങ്ങിയ ബ്രാൻഡുകളുടെ ട്രേഡ് മാർക്ക് ഉൾപ്പെടെയുള്ള ഏറ്റെടുക്കലാണ് ഇതു വഴി നടക്കുന്നത്. റെയ്മണ്ട് ലിമിറ്റഡിന്റെ അസോഷ്യേറ്റ് കമ്പനിയാണ് റെയ്മണ്ട് കൺസ്യൂമർ കെയർ. ഇതിൽ റെയ്മണ്ട് ലിമിറ്റഡിന് 47 ശതമാനം ഓഹരി പങ്കാളിത്തമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവ് 522 കോടി രൂപയാണ്. 6.5 ലക്ഷം റീട്ടെയ്ൽ ഔട്ട്ലെറ്റുകളിൽ റെയ്മണ്ട് കൺസ്യൂമർ കെയറിന് സ്വാധീനമുണ്ട്. ഔറംഗബാദിൽ ഗർഭനിരോധന ഉറകളുടെ നിർമാണ യൂണിറ്റും റെയ്മണ്ട് കൺസ്യൂമർ കെയറിനുണ്ട്.





# നാട്ടുവൈവിധ്യങ്ങളുമായി സ്വദേശി ഫെസ്റ്റിവലിന് തുടക്കം

**തിരുവനന്തപുരം:** ഗാന്ധി സെന്റർ ഫോർ റൂറൽ ഡവപ്മെന്റും കേരള ഗാന്ധി സ്മാരക നിധിയും തിരുവനന്തപുരം വൈഎംസിഎയുമായി ചേർന്ന് വൈഎംസിഎ ഹാളിൽ സ്വദേശി ഫെസ്റ്റിവൽ ആരംഭിച്ചു. മേയ് 21 ന് സമാപിക്കും. നാടൻ ഉൽപന്നങ്ങളുടെ നിർമാണ പരിശീലനം, സ്വദേശി പ്രസ്ഥാനത്തിന്റെ അർഥ വ്യാപ്തിയെക്കുറിച്ചുള്ള സെമിനാറുകൾ, സ്വദേശിയുടെ പ്രായോഗികത വിശദമാക്കുന്ന നാടൻ ഉൽപന്നങ്ങളുടെ പ്രദർശനം എന്നിവയാണ് ഫെസ്റ്റിവലിൽ ഉള്ളത്.

ഫെസ്റ്റിവൽ ഉദ്ഘാടനം സ്വദേശി ഡയറക്ടർ ഡോ.ജേക്കബ് പുളിക്കൻ ഉദ്ഘാടനം ചെയ്തു. ഗാന്ധി സ്മാരക നിധി ചെയർമാൻ ഡോ.എൻ.രാധ!കൃഷ്ണൻ, സോകാഗാക്കൈ ഇന്റർനാഷനൽ ഡയറക്ടർ ഡോ.ആകാശ് കെ.ഔച്ചി, വൈഎംസിഎ ചെയർമാൻ ജോർജ് കൊച്ചുമ്മൻ, സ്വദേശി ചെയർമാൻ ഡോ.ടി.മാത്യു ഫിലിപ് എന്നിവർ പ്രസംഗിച്ചു.

വീട്ടിലും പരിസരങ്ങളിലും ലഭിക്കുന്ന വിവിധയിനം പഴങ്ങളും കായ്കളും ഉപയോഗിച്ചു തയാറാക്കിയ മൂല്യവർധിത ഉൽപന്നങ്ങളാണ് ഫെസ്റ്റിവലിന്റെ പ്രത്യേകത. ഗ്ലിസറിൻ നിലനിർത്തി വെളിച്ചെണ്ണയിലും പ്രകൃതിദത്ത സുഗന്ധദ്രവ്യങ്ങളിലും നിർമിച്ച കുളി സോപ്പ്, പ്രകൃതി സൗഹൃദ ക്ലീനിങ് ലോഷൻ, വാഷിങ് സോപ്പ്, ഹാൻഡ് വാഷ് തുടങ്ങിയ ഉൽപന്നങ്ങളും ലഭിക്കും.

# ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം മെയ് നാലിന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും

**തിരുവനന്തപുരം:** സാംസ്കാരിക വകുപ്പ് കിഫ്ബിയുടെ സഹായത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും നവോഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊല്ലം ആശ്രാമം മൈതാനത്തിന് സമീപം മൂന്നര ഏക്കർ ഭൂമിയിൽ 56.91 കോടി രൂപ ചെലവഴിച്ച് അത്യാധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നിർമിച്ച ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിന്റെ ഉദ്ഘാടനം മെയ് നാലിന് 11.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഒരു ലക്ഷം അടിയോളം വിസ്തീർണത്തിൽ നിർമിച്ച സമുച്ചയത്തിൽ ആധുനിക ലൈറ്റിങ് സൗണ്ട് പ്രൊജക്ഷൻ സംവിധാനങ്ങൾ അടങ്ങിയ എ വി തീയേറ്റർ, ബ്ലാക്ക് ബോക്സ് തീയറ്റർ, ഇൻഡോർ ഓഡിറ്റോറിയം, സെമിനാർ ഹാൾ എന്നിവയ്ക്ക് പുറമെ ഡിജിറ്റൽ രൂപത്തിലുള്ള ലൈബ്രറി, ആർട്ട് ഗ്യാലറി, ക്ലാസ് മുറികൾ, ശില്പ്പശാലകൾക്കുള്ള വേദി, ക്രാഫ്റ്റ് മ്യൂസിയം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സാംസ്കാരിക യുവജനകാര്യ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും.

ധനമന്ത്രി കെ എൻ ബാലഗോപാൽ, ക്ഷീര മൃഗസംരക്ഷണ മന്ത്രി ജെ ചിഞ്ചുറാണി, എസ് എൻ ഡി പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ എന്നിവർ മുഖ്യാതിഥികളാവും.

എൻ കെ പ്രേമചന്ദ്രൻ എം പി, മേയർ പ്രസന്ന ഏണസ്റ്റ്, കെ എസ് എഫ് ഡി സി ചെയർമാൻ ഷാജി എൻ കരുൺ എന്നിവർ വിശിഷ്ടാതിഥികളാവും.

എം മുകേഷ് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, ജില്ലാ കലക്ടർ അഫ്സാന പർവിൺ, സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടർ എസ് സുബ്രഹ്മണ്യൻ, സെക്രട്ടറി മിനി ആന്റണി, തെക്കും ഭാഗം വാർഡ് കൗൺസിലർ ഹണി ബെഞ്ചമിൻ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ഉദ്ഘാടനത്തിന്റെ ഭാഗമായി ചലച്ചിത്ര താരങ്ങളായ നാദിർഷയും രമേശ് പിഷാരടിയും അവതരിപ്പിക്കുന്ന മ്യൂസിക് ഷോ, ടി എം കൃഷ്ണ അവതരിപ്പിക്കുന്ന സംഗീത കച്ചേരി ഗുരു, വൈലോപ്പിള്ളി സംസ്കൃതി ഭവൻ അവതരിപ്പിക്കുന്ന ഗുരു സാഗരം, ഗാന്ധിഭവൻ തിയേറ്റർ ഇന്ത്യ അവതരിപ്പിക്കുന്ന നാടകം നവോഥാനം, ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ചലച്ചിത്ര പ്രദർശനം, ഡോ. രേഖ രാജുവും സംഘവും നയിക്കുന്ന ഗുരുദേവ കൃതികളുടെ നൃത്താവിഷ്കാരം, എക്സിബിഷൻ, പുസ്തകോത്സവം എന്നിവ നടത്തും.

# പാവക്കുളം ക്ഷേത്രത്തിൽ പൗർണ്ണമി പൊങ്കാല മഹോൽസവത്തിന് തുടക്കം

**കൊച്ചി:** എറണാകുളം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിന് ഭക്തിസാന്ദ്രമായ തുടക്കം.

പത്തു നാൾ നീണ്ടു നിൽക്കുന്ന മഹോൽസവത്തിന്റെ ആദ്യ ദിവസമായ ഇന്നലെ ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പൂജകൾക്കു ശേഷം കലവറ നിറയ്ക്കൽ നടന്നു. ഭക്തരുടെ നേതൃത്വത്തിൽ പച്ചക്കറികളും ധാന്യങ്ങളും കലവറയിലേക്ക് സമർപ്പിച്ചു. തുടർന്ന് പള്ളിക്കൽ സുനിലിന്റെ പ്രഭാഷണത്തിനു ശേഷം അന്നദാനവും നടന്നു.




എറണാകുളം പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിലെ പൗർണ്ണമി പൊങ്കാല മഹോൽസവത്തിന്റെ കലവറ നിറയ്ക്കിലിന്റെ ഭാഗമായി പച്ചക്കറികളും ധാന്യങ്ങളുമായി ഭക്തർ ക്ഷേത്രം വലം വെയ്ക്കുന്നു

വൈകിട്ട് ചലച്ചിത്ര പിന്നണി ഗായകൻ ബെനഡിക്ട് ഷൈൻ അവതരിപ്പിച്ച ഗാനാമൃതവും പീയാർ മ്യൂസിക്സിന്റെ ഭക്തിഗാന സുധയും അരങ്ങേറി. ഉൽസവത്തിന്റെ രണ്ടാം ദിനമായ ഇന്ന് (29.04.23) രാവിലെ ഒമ്പതിന് ആയില്യം പൂജയും തുടർന്ന് ശ്രീമഹാദേവന് 1001 കുടം ധാരയും നടക്കും.

11.30 ന് ഹരികൃഷ്ണൻ നമ്പൂതിരിയുടെ പ്രഭാഷണം.വൈകിട്ട് 6.30 ന് കലാസന്ധ്യ,7.30 ന് നൃത്തനൃത്ത്യങ്ങൾ,8.30 ന് തിരുവാതിര കളി എന്നിവയും ഉണ്ടാകും

# നവചണ്ഡികാ യാഗം എറണാകുളത്ത് സമാപിച്ചു; മെയ് 12 മുതൽ തിരുവനന്തപുരത്ത്

**കൊച്ചി:** ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും ഭാരതത്തിലെ പ്രസിദ്ധങ്ങളായ ശക്തി പീഠങ്ങളിൽ നിന്നുള്ള മഹാ സാധകർ നേരിട്ട് നടത്തുന്ന നവചണ്ഡികാ യാഗം എറണാകുളം ജില്ലയിൽ സമാപിച്ചു.

എറണാകുളം പാവക്കുളം മഹാദേവക്ഷേത്രത്തിൽ പൊളളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രഹ്മണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ കഴിഞ്ഞ മൂന്നു ദിവസമായി നടന്നുവന്ന നവചണ്ഡികായാഗം ഭക്തസഹസ്രങ്ങളെ സാക്ഷിയാക്കി മഹാപൂർണ്ണാഹൂതിയോടെയും സാമ്രാജ്യലക്ഷ്മി പൂജയോടെയുമായിരുന്നു സമാപിച്ചത്.

സമാപനദിവസമായ ഇന്നലെയും യാഗത്തിൽ പങ്കുകൊള്ളാൻ വലിയ ഭക്തജനത്തിരക്കായിരുന്നു അനുഭവപ്പെട്ടത്. സൂര്യകാലടി ബ്രഹ്മശ്രീ സുബ്രഹ്മണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ 25 ന് നടന്ന വാഞ്ഛ കൽപലത ഗണപതിഹോമത്തോടെയായിരുന്നു നവചണ്ഡികാ യാഗം ആരംഭിച്ചത്. ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് തിരുമേനി,ഏഴിക്കോട് കൃഷ്ണദാസ് തിരുമേനി എന്നിവരുടെ കാർമ്മികത്വത്തിൽ മഹാമൃത്യുഞ്ജയ ഹോമവും നടന്നു. കൂടാതെ സാംസ്കാരിക സമ്മേളനം പറശ്ശിനി മടപ്പുരയുടെ മുത്തപ്പൻ വെള്ളാട്ടം,സത്സംഗങ്ങൾ,പ്രഭാഷണങ്ങൾ എന്നിവയും യാഗദിവസങ്ങളിൽ ഉണ്ടായിരുന്നു. മെയ് 12 മുതൽ 14 വരെ തിരുവനന്തപുരത്തും മെയ് 28 മുതൽ 30 വരെ കൊല്ലത്തും ആണ് അടുത്ത നവചണ്ഡികാ യാഗം നടക്കുന്നത്.



വിശ്വ രക്ഷാ യാഗ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം മഹാദേവക്ഷേത്രത്തിൽ പൊളളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രഹ്മണ്യത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ നവചണ്ഡികാ യാഗത്തിന് സമാപനം കുറിച്ചു നടന്ന സാമ്രാജ്യലക്ഷ്മി പൂജ

തുടർന്ന് മറ്റു ജില്ലകളിലും നവചണ്ഡികാ യാഗം നടക്കും.2024 ഏപ്രിൽ 28 മുതൽ മെയ് ഏഴു വരെ തൃശ്ശൂരിൽ 11 ദിവസം നീണ്ടു നിൽക്കുന്ന ശതചണ്ഡികാ യാഗത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന യാഗത്തിന് സമാപനം കുറിക്കും.രാഷ്ട്രപതി ദ്രൗപദി മുർമു ശതചണ്ഡികാ യാഗത്തിൽ മുഖ്യ അതിഥിയായി പങ്കെടുക്കും. മാതാ അമൃതാന്ദമയി, ശ്രീ ശ്രീ രവിശങ്കർ, നാലു മഠങ്ങളിൽ നിന്നുള്ള ശങ്കരാചാര്യന്മാർ,ദലൈലാമ ഉൾപ്പെടെയുള്ള ആചാര്യ ശ്രേഷ്ഠന്മാർ,സന്യാസിവര്യന്മാർ തുടങ്ങിയവരും ശത ചണ്ഡികാ യാഗത്തിൽ പങ്കെടുക്കും

# ബുക്ക്മാർക്ക് പുസ്തകമേള 30 മുതൽ

പുസ്തകങ്ങൾക്ക് 70 ശതമാനം വരെ വിലക്കിഴിവ് നൽകുന്ന ബുക്ക്മാർക്ക് പുസ്തകമേള ഏപ്രിൽ 30ന് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ ആരംഭിക്കും. വിവിധ ചരിത്ര ഗവേഷണ സാഹിത്യഗ്രന്ഥങ്ങൾക്കാണ് 10 മുതൽ 70 ശതമാനം വരെ വിലക്കിഴിവുള്ളത്. ഏപ്രിൽ 30 മുതൽ മെയ് 7 വരെയാണ് മേള.

ഏപ്രിൽ 30 ന് രാവിലെ 10ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മലയാളത്തിലെ എല്ലാ പ്രമുഖ പ്രസാധകരുടെയും പുസ്തകങ്ങൾ ലഭ്യമാണ്.

### പ്രോഗ്രാമർമാരുടെ പാനൽ തയാറാക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ നടപ്പിലാക്കുന്ന വിവിധ ഏജൻസികളുടെ സമയബന്ധിത പ്രോജക്ടുകളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ പ്രോഗ്രാമർമാരുടെ പാനൽ തയാറാക്കുന്നു. കമ്പ്യൂട്ടർ സയൻസ് / ഐ.ടി. / എന്നിവയിൽ ബി.ടെക് / ബി.ഇ. ഫസ്റ്റ് ക്ലാസ് ബിരുദം അല്ലെങ്കിൽ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് / എം.സി.എ എന്നിവയിലുള്ള ഫസ്റ്റ് ക്ലാസ് ബിരുദം ആണ് യോഗ്യത. പ്രോഗ്രാമിങ്ങിൽ രണ്ടു വർഷം പ്രവൃത്തിപരിചയം വേണം. 36 വയസ് ആണ് പ്രായപരിധി (01.01.2023ന് 36 കവിയരുത്). പട്ടികജാതി പട്ടിക വർഗക്കാർക്കും മറ്റു പിന്നാക്കവിഭാഗക്കാർക്കും നിയമാനുസൃത ഇളവ് ലഭിക്കും.

പ്രവൃത്തിപരിചയം ഉള്ളവർ പരിചയ സർട്ടിഫിക്കറ്റ് (സ്ഥാപനത്തിന്റെ പേര്, തസ്തികയുടെ പേര്, കാലയളവ്, സർട്ടിഫിക്കറ്റ് നൽകിയ അധികാരിയുടെ പേര് ഉൾപ്പെടെ) അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണം. അപേക്ഷകൾ ഠഠഠ.സ്യെലര.സല്യമഹമ.ഴീ.ശി ൽ മെയ് 10 വൈകീട്ട് 4നകം അപ് ലോഡ് ചെയ്യണം.

### അധ്യാപക ഒഴിവ്

**കൊല്ലം:** ജില്ലയിൽ മാനേജ്മെന്റ് സ്ഥാപനത്തിൽ ഹയർ സെക്കൻഡറി ഫിസിക്സ് സീനിയർ അധ്യാപക തസ്തികയിലേക്ക് കേൾവിവൈകല്യം ഉള്ളവർക്കായി സംവരണം ചെയ്ത ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്ഥിര നിയമനമുള്ള ജോലിക്ക് ഒരു ഒഴിവാണുള്ളത്. അപേക്ഷകർ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, ഭിന്നശേഷിത്വം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി മെയ് 8ന് മുൻപായി ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 0484 2312944.

### അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹ്രസ്വകാല ഹോട്ടൽ മാനേജ്മെന്റ് സൗജന്യ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കുക്കറി, ബേക്കറി, ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്, ഹൗസ് കീപ്പിംഗ്, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം. പത്താം ക്ലാസ് യോഗ്യതയുള്ള 18 വയസ്സ് തികഞ്ഞ സ്ത്രീകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അതത് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി നേരിട്ട് ലഭ്യമാകുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 5ന് വൈകീട്ട് 5 മണിവരെ. ഫോൺ 0487 2384253.

### താത്കാലിക നിയമനം

**തൃശൂർ:** തോളൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിലേക്ക് കരാർ വ്യവസ്ഥയിൽ ഡയാലിസിസ് ടെക്നീഷ്യനെയും (ഈസിജിയിൽ പരിശീലനമുള്ളവർ) ആശുപത്രി ലാബിലേക്ക് പാർട്ട് ടൈം ലാബ് ടെക്നീഷ്യനെയും നിയമിക്കുന്നു. അഭിമുഖം മെയ് 10ന് രാവിലെ 11 മണിക്ക് സൂപ്രണ്ട് ഓഫീസിൽ നടക്കും. ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും ബയോഡാറ്റയും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഹാജരാവണം. ഫോൺ: 0487 2285746



# അഞ്ചൽ ബൈപാസ്: ഉദ്ഘാടനം മേയ് 17ന്

**അഞ്ചൽ:** പ്രദേശവാസികളുടെ ചിരകാലാഭിലാഷമായ ബൈപാസിന്റെ ഉദ്ഘാടനം മേയ് 17നു നടക്കും. 2.02 കിലോമീറ്റർ ദൈർഘ്യമുള്ള പാത പൂർത്തിയാക്കാൻ 18 വർഷത്തോളം കാത്തിരിക്കേണ്ടി വന്നു എങ്കിലും ഔദ്യോഗിക ഉദ്ഘാടനം ഉത്സവമായി മാറ്റാനുള്ള തീരുമാനത്തിലാണു ജനങ്ങൾ. സ്വാഗതസംഘം അടുത്ത ആഴ്ച രൂപീകരിക്കുമെന്നു പി.എസ്.സുപാൽ എംഎൽഎ അറിയിച്ചു. അവസാന മിനുക്കു പണികളാണു നടക്കുന്നത്.

റോഡ് ആധുനിക രീതിയിൽ വൈദ്യുതീകരിക്കുന്നതിനു 2 കോടി രൂപയുടെ പദ്ധതിയാണു നടപ്പാക്കുന്നതെന്നും എംഎൽഎ വിശദീകരിച്ചു. യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് നേരത്തേതന്നെ വാഹന ഗതാഗതം അനുവദിച്ചിട്ടുണ്ട്.

അഞ്ചൽ ആയൂർ റോഡിലെ കുരിശുമുക്കിൽ ആരംഭിച്ച് പുനലൂർ അഞ്ചൽ റോഡിലെ സെന്റ് ജോർജ് സ്കൂളിനു മുന്നിൽ വരെയാണു ബൈപാസ്. ചതുപ്പ് നിലവും മറ്റും നികത്തിയാണു പാത ഒരുക്കിയത്.

2003,04 കാലത്താണു പാതയുടെ പ്രാഥമിക സർവേ നടത്തിയത്. ചില സാങ്കേതിക പ്രശ്നങ്ങളും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയും കാരണം പണികൾ ഇഴഞ്ഞു.

സമീപകാലത്താണു പണികൾക്കു വേഗം വന്നത്.

### ഇപോസ് മുഖേനയുള്ള റേഷൻ വിതരണം പുന:സ്ഥാപിച്ചു: മന്ത്രി ജി.ആർ. അനിൽ

**തിരുവനന്തപുരം:** ഇപോസ് മുഖേന 29 മുതൽ റേഷൻ വിതരണം നടക്കുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ അറിയിച്ചു. സർവർ തകരാർ കാരണം ഇപോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം തടസപ്പെട്ട സാഹചര്യത്തിൽ നിലവിലെ സർവറുകളിൽ സൂക്ഷിച്ചിരിക്കുന്ന ഡാറ്റ, ക്ലൗഡ് സ്റ്റോറേജിലേക്ക് മാറ്റുന്ന പ്രക്രിയ എൻ.ഐ.സി പൂർത്തിയാക്കി. എൻ.ഐ.സി ഹൈദരാബാദിന്റെ നിർദേശപ്രകാരമാണ് ഡാറ്റാ മാറ്റിയത്. ഇതിനു ശേഷം സ്റ്റേറ്റ് ഐ.ടി മിഷന്റെ സഹായത്തോടെ ലോഡ് ടെസ്റ്റിങ്ങും നടത്തി.

29 രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിലും ഉച്ചയ്ക്ക് 2 മണി മുതൽ 7 മണി വരെ എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, കാസർഗോഡ്, ഇടുക്കി ജില്ലകളിലും റേഷൻ വിതരണം നടക്കും. മെയ് 3 വരെ ഈ സമയ ക്രമം തുടരും. മെയ് 5 വരെ ഏപ്രിലിലെ റേഷൻ വിതരണം ഉണ്ടായിരിക്കും. ആറിന് മെയ് മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

ഇപോസ് മുഖേനയുള്ള റേഷൻ വിതരണം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പ്രശ്നങ്ങൾ ഉണ്ടായാൽ അടിയന്തര ഇടപെടൽ നടത്തുന്നതിനും ജില്ലാ സപ്ലൈ ഓഫീസർ ഉൾപ്പെടെയുള്ള മുഴുവൻ ഉദ്യോഗസ്ഥരും ഫീൽഡിൽ ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

# ഹാച്ചറികൾ പൂട്ടുന്നു; മുട്ടയ്ക്ക് അമിത വില, അപ്പർകുട്ടനാട്ടിൽ താറാവുക്ഷാമം രൂക്ഷം

**മാന്നാർ:** അപ്പർകുട്ടനാട്ടിൽ താറാവുക്ഷാമം രൂക്ഷം. ചെന്നിത്തലയിലെ ആറോളം ഹാച്ചറികൾ പൂട്ടി; മുട്ടയ്ക്ക് അമിത വില. മധ്യതിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ താറാവുകളുള്ള പ്രദേശങ്ങളാണു ചെന്നിത്തല, മാന്നാർ, നിരണം തുടങ്ങിയവ. ഇവിടെ വേനൽ കൊയ്ത്തിനു ശേഷം നെൽപാടങ്ങളിൽ കൊത്തിപ്പെറുക്കുന്നതിനായി വലുതും ചെറുതുമായ താറാവുകളെ കൊണ്ടുവരുന്ന ഒട്ടേറെ സംഘങ്ങൾ സജീവമായിരുന്നു.



ഇക്കുറി ഇവരെ കാണാനില്ല. നിരണത്തു സർക്കാർ ഉടമസ്ഥതയിലുള്ള ഫാമിൽ പോലും ഉൽപാദനം കുറഞ്ഞു. ചെന്നിത്തലയിലെ സ്വകാര്യ മേഖലയിലുണ്ടായിരുന്നു ആറോളം ഹാച്ചറികളിൽ മുട്ടയില്ലാത്തതിനാൽ ഇപ്പോൾ ഉൽപാദനവുമില്ല. പൊതുവിപണിയിൽ 10 രൂപയുണ്ടായിരുന്നു താറാവിൻ മുട്ടയ്ക്കു 12 രൂപ വരെയായി. താറാവ് ഇറച്ചിക്കു കിലോഗ്രാമിനു 350 രൂപയുണ്ടെങ്കിലും കിട്ടാനില്ല. ഇപ്പോൾ! നാടൻ എന്ന പേരിൽ തമിഴ്നാട്, കർണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ മുട്ടയാണ് പൊതുവിപണിയിൽ പോലും വിൽപനയ്ക്കുള്ളത്. അവിടെ നിന്നു കുറഞ്ഞ വിലയ്ക്കു വാങ്ങി ഇവിടെ ഇരട്ടി വിലയ്ക്കാണ് വിൽപന നടത്തുന്നതെന്നും ആക്ഷേപമുണ്ട്.

താറാവ് വിപണിയെ സഹായിക്കാൻ സർക്കാർ മുന്നോട്ടുവരാത്തതാണ് കേരളത്തിലെ പ്രശ്നമെന്ന് താറാവുകർഷകർ പറയുന്നു. അമിത വില നൽകി തീറ്റയും മറ്റും വാങ്ങിയായിരുന്നു ഫാമുകൾ നടത്തിയിരുന്നത്. സാമ്പത്തിക വർഷം ആരംഭിച്ചപ്പോൾ തീറ്റയ്ക്കും മരുന്നടക്കമുള്ള വസ്തുക്കൾക്കും വില വർധിച്ചതാണ് പ്രതിസന്ധിയിലായത്. സർക്കാരിന്റെ ഭക്ഷ്യസംഭരണ കേന്ദ്രങ്ങളിൽ ഉപയോഗരഹിതമായി കെട്ടിക്കിടക്കുന്ന അരി, ഗോതമ്പടക്കമുള്ള ധാന്യങ്ങൾ സബ്സിഡി നിരക്കിൽ താറാവു കർഷകർക്കു നൽകിയാൽ ഒരു പരിധി വരെ ഇവിടത്തെ കർഷകർക്കു പിടിച്ചു നിൽക്കാനാകുമെന്നു ചെന്നിത്തലയിലെ താറാവു കർഷകൻ റോയി മാത്യു പറയകാട്ട് പറഞ്ഞു.

## സൗജന്യ പരിശീലനം

**കോഴിക്കോട്:** ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) ഏപ്രിൽ 29 ന് സൗജന്യ കെമാറ്റ് പരിശീലനം നൽകും. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9446068080 എന്ന നമ്പറിൽ ബന്ധപ്പെടണം.

## ക്വട്ടേഷൻ ക്ഷണിച്ചു

**കോഴിക്കോട്:** ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ 2018 അല്ലെങ്കിൽ അതിനു ശേഷമുള്ള മോഡൽ കാർ ( സ്വിഫ്റ്റ് ഡിസയർ,ടൊയോട്ട എറ്റിയോസ്, മഹീന്ദ്ര വെരീറ്റോ എന്നിവ അഭികാമ്യം) ലഭ്യമാക്കാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു. ആറു മാസത്തേക്കാണ് വാഹനം ലഭ്യമാക്കേണ്ടത്. പ്രതിമാസം 2000 കി.മീ. ഓടുന്നതിന് ആവശ്യപ്പെടുന്ന കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനുകൾ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് കവറിൽ രേഖപ്പെടുത്തി മെയ് നാലിന് വൈകുന്നേരം മൂന്ന് മണിക്ക് മുമ്പായി ജില്ലാ കോർഡിനേറ്ററുടെ ഓഫീസിൽ സമർപ്പിക്കണം. അന്നേദിവസം വൈകുന്നേരം നാല് മണിക്ക് ക്വട്ടേഷനുകൾ തുറക്കും. കൂടുതൽ വിവരങ്ങൾക്ക് : 04952370677



# മില്ലുകാർ നെല്ലെടുക്കുന്നില്ല; കർഷകർ സമരത്തിലേക്ക്

**മാന്നാർ:** കിഴിവിന്റെ പേരിൽ സ്വകാര്യ മില്ലുകാർ നെല്ലെടുക്കുന്നില്ല, കർഷകർ സമരത്തിലേക്ക്. വേനൽക്കാല കൃഷിയുടെ വിളവെടുപ്പ് കഴിഞ്ഞ 18 മുതൽ വിവിധ പാടശേഖരങ്ങളിൽ തുടങ്ങി. മാന്നാ!ർ കണ്ടങ്കേരി, വേഴത്താർ പാടശേഖരത്തിൽ ക്വിന്റലിനു 10 കിലോഗ്രാം വരെ കിഴിവാണ് സിവിൽ സപ്ലൈസിനു വേണ്ടി നെല്ലെടുക്കാനെത്തിയ സ്വകാര്യ മില്ലുകാരും ഇടനിലക്കാരും കർഷകരോട് ആവശ്യപ്പെട്ടത്. കിഴിവിന്റെ പേര് പറഞ്ഞ് കണ്ടങ്കേരി പാടശേഖരത്ത് കെട്ടിക്കിടന്ന നെല്ലു കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ നശിച്ചു തുടങ്ങി.

കൃഷി ഇറക്കാൻ പ്രോത്സാഹനം കൊടുത്ത സർക്കാർ ഏജൻസികളോ പാടശേഖര സമിതികളോ തിരിഞ്ഞു നോക്കുന്നില്ലെന്നാണ് കർഷകരുടെ പരാതി. ഇവിടെ ഭൂരിഭാഗം കർഷകരും കർഷക തൊഴിലാളികളും പാട്ടക്കൃഷി ചെയ്യുന്നവരുമാണ്. കൊയ്തു ചാക്കിലും പാടശേഖരത്തിലുമായി കിടക്കുന്ന നെല്ല് എടുക്കുന്നില്ലെങ്കിൽ ചാക്കുകളിൽ നെല്ലു നിറച്ച കൃഷിഭവനിലും പഞ്ചായത്ത് ഓഫിസ് പടിക്കലും കൊണ്ട് വച്ച് പ്രതിഷേധിക്കുമെന്ന് കർഷകർ പറഞ്ഞു.

## സാങ്കേതിക സർവകലാശാലയ്ക്കായി ഭൂമിയേറ്റെടുക്കൽ പൂർത്തിയായി

**കാട്ടാക്കട:** വിളപ്പിൽശാല ആസ്ഥാനമായുള്ള ഡോ.എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി. രണ്ടാംഘട്ടമായി 50 ഏക്കർ ഭൂമിയാണ് കൈമാറിയത്. റവന്യൂ വകുപ്പ് ഏറ്റെടുത്ത ഭൂമിയുടെ രേഖകൾ ജില്ലാ കളക്ടർ ജെറോമിക് ജോർജ്ജ് സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥിന് കൈമാറി. ഐ.ബി സതീഷ് എം.എൽ.എ അധ്യക്ഷനായിരുന്നു. രണ്ട് ഘട്ടങ്ങളിലായി 100 ഏക്കർ ഭൂമിയാണ് സർവകലാശാല ഏറ്റെടുത്തത്.

സാങ്കേതിക സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം രണ്ടുമാസത്തിനുള്ളിൽ ആരംഭിക്കും. സർവകലാശാല ആസ്ഥാനത്തിന് സമീപത്തായി തിരുവനന്തപുരം എൻജിനിയറിംഗ് സയൻസ് ആൻഡ് ടെക്നോളജി പാർക്ക് (ട്രെസ്റ്റ് പാർക്ക്) നിർമിക്കും. ഇതിന്റെ ഭാഗമായാണ് 68 ഭൂവുടമകളുടെ 50 ഏക്കർ ഭൂമി രണ്ടാംഘട്ടമായി ഏറ്റെടുത്തത്. 136 ഭൂവുടമകളുടെ 50 ഏക്കർ ഭൂമി ആദ്യഘട്ടത്തിൽ സർവകലാശാലയ്ക്ക് കഴിഞ്ഞ വർഷം കൈമാറിയിരുന്നു. മദ്രാസ് ഐ.ഐ.ടി പാർക്കിന്റെ മാതൃകയിലുള്ള വ്യവസായ ഗവേഷണ പാർക്കാണ് പണിയുന്നത്.

21 വീടുകൾ ഉൾപ്പെടുന്ന ഭൂമിയാണ് സർവകലാശാല ഏറ്റെടുത്തത്. കിഫ്ബി വഴി 190 കോടി രൂപയാണ് നഷ്ടപരിഹാരമായി രണ്ടാംഘട്ടത്തിൽ നൽകുന്നത്. നഷ്ടപരിഹാരം ഒരാഴ്ചക്കുള്ളിൽ ഭൂവുടമകളുടെ അക്കൗണ്ടുകളിലെത്തും. ആദ്യഘട്ടത്തിൽ 184 കോടി രൂപയുടെ നഷ്ടപരിഹാരം, സർവകലാശാല നൽകി. 2013ലെ ഭൂമിയേറ്റെടുക്കൽ നിയമ പ്രകാരം അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നഷ്ടപരിഹാരം കണക്കാക്കിയത്. വസ്തുവിന്റെ വില, അതിന്റെ സൊലേഷ്യം, മരങ്ങളുടെ വില, കെട്ടിടങ്ങളുടെയും ചമയങ്ങളുടെയും വില, കിടപ്പാടവും തൊഴിലും നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം എന്നിവയുൾപ്പെടെയാണ് നഷ്ടപരിഹാരം നൽകുന്നത്.

## ആദ്യ ഭൂഗർഭ ശ്മശാനം ഉദ്ഘാടനത്തിനൊരുങ്ങി

**കോഴിക്കോട്:** പൊതുശ്മശാനങ്ങളെക്കുറിച്ചുള്ള പതിവ് സങ്കല്പങ്ങളെ മാറ്റിമറിക്കുന്ന പ്രശാന്തി ഗാർഡൻ ശ്മശാനം ഉദ്ഘാടനത്തിന് ഒരുങ്ങി. ദക്ഷിണേന്ത്യയിലെ തന്നെ ആദ്യ ഭൂഗർഭ ഗ്യാസ് ക്രിമറ്റോറിയമാണിത്. ഉള്ളിയേരി പഞ്ചായത്തിലെ പാലോറ കാരക്കാട്ട് കുന്നിൽ 2.6 ഏക്കർ സ്ഥലത്താണ് പ്രശാന്തി ഗാർഡൻ നിർമ്മിച്ചത്. മറ്റ് ശ്മശാനങ്ങളിൽനിന്ന് വ്യത്യസ്തമായ രീതിയിലാണ് പ്രശാന്തി ഗാർഡൻ മോഡൽ ശ്മശാനം ഒരുങ്ങിയത്.

മുൻ എം.എൽ.എ പുരുഷൻ കടലുണ്ടിയുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് 4.25 കോടിയും കെ. എം സച്ചിൻ ദേവ് എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിന്റെ 27 ലക്ഷത്തിലേറെ രൂപയും ചെലവഴിച്ചാണ് ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

# കേരള ചിക്കൻ പദ്ധതി: കർഷകർ പ്രതിസന്ധിയിൽ

**കൽപറ്റ:** കേരള ചിക്കൻ പദ്ധതി ഗുണഭോക്താക്കളായ കർഷകർ പ്രതിസന്ധിയിൽ. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കു കീഴിൽ കോഴിവളർത്തുന്ന കർഷകരാണു സാമ്പത്തിക പ്രതിസന്ധിയിലായത്. സർക്കാർ പ്രഖ്യാപിച്ച ഫണ്ടുകൾ സമയബന്ധിതമായി അനുവദിക്കാത്തതും കോഴിയിറച്ചിയുടെ വിലത്തകർച്ചയും സൊസൈറ്റി അധികൃതരുടെ കെടുകാര്യസ്ഥതയുമാണു കാരണം. സംസ്ഥാനത്ത് ഉപഭോഗത്തിനാവശ്യമായ കോഴിമാംസം ഇവിടെത്തന്നെ ഉൽപാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2018 ഡിസംബർ 30നു മുഖ്യമന്ത്രി പിണറായി വിജയൻ മലപ്പുറത്ത് ഉദ്ഘാടനം ചെയ്തതാണ് കേരള ചിക്കൻ പദ്ധതി.



ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കേരള പോൾട്രി മിഷൻ, കെപ്കോ, കുടുംബശ്രീ എന്നിവയെയാണ് പദ്ധതി നിർവഹണത്തിനു ചുമതലപ്പെടുത്തിയത്. ഇവയിൽ ബ്രഹ്മഗിരി സൊസൈറ്റി കർഷകരിൽ നിന്നു കോഴി ഒന്നിന് 130 രൂപ വീതം വിത്തുധനമായി പിരിച്ചെടുത്തു. പദ്ധതിയിൽ നിന്നു കർഷകൻ പിന്മാറുന്ന പക്ഷം ഒരു മാസത്തിനുള്ളിൽ തുക തിരികെ നൽകുമെന്ന വ്യവസ്ഥയിലാണ് കർഷകർ പണം നൽകിയത്. വിത്തുധനം, പരിപാലനച്ചെലവ് ഇനങ്ങളിൽ മൂന്നര കോടിയിലധികം രൂപയാണ് 94 കർഷകർക്ക് ബ്രഹ്മഗിരി സൊസൈറ്റി നൽകാനുള്ളത്. കഴിഞ്ഞ ജനുവരി 23ന് സൊസൈറ്റി ഓഫിസിനു മുന്നിൽ കർഷകർ പ്രതിഷേധിച്ചതിനെ തുടർന്ന്,

മാർച്ച് അവസാനത്തോടെ എല്ലാവർക്കും തുക ലഭ്യമാക്കുമെന്ന് സൊസൈറ്റി അധികൃതർ അറിയിച്ചിരുന്നു. എന്നാൽ, ഇതുവരെയായിട്ടും ഒരാൾക്കുപോലും തുക ലഭിച്ചില്ലെന്ന് കർഷകർ പറയുന്നു. പദ്ധതിയിൽ അംഗങ്ങളാകുന്ന കർഷകർക്ക് കോഴിക്കുഞ്ഞ്, തീറ്റ, മരുന്ന് എന്നിവ ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി നൽകുകയും 40 ദിവസം വളർച്ചയെത്തുന്ന മുറയ്ക്ക് കോഴികളെ തിരികെ വാങ്ങി പരിപാലന ചെലവായി കിലോഗ്രാമിനു 8 മുതൽ 11 രൂപ വരെ ലഭ്യമാക്കുകയും ചെയ്യുന്ന വിധത്തിലായിരുന്നു പദ്ധതി ക്രമീകരണം. കോഴിക്കുഞ്ഞുങ്ങളെ വളർത്താനുള്ള ഷെഡ്, വൈദ്യുതി, വെള്ളം മുതലായവ കർഷകരുടെ ഉത്തരവാദിത്തമാണ്.

തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ സ്വന്തം ഉടമസ്ഥതയിലുള്ള സ്ഥാപനത്തിൽ വിരിയിക്കുന്ന കോഴിക്കുഞ്ഞുങ്ങളെയാണ് സൊസൈറ്റി കർഷകർക്ക് എത്തിച്ചിരുന്നത്. കുറച്ചുകാലം നല്ലനിലയിലായിരുന്ന പദ്ധതി പിന്നീട് താളം തെറ്റി. കോഴിക്കുഞ്ഞും തീറ്റയും മരുന്നും മറ്റും കർഷകർക്ക് യഥാസമയം കിട്ടാതായി. പരിപാലന ചെലവ് സമയബന്ധിതമായി നൽകുന്നതിൽ വീഴ്ചയുണ്ടായി. ഈ സാഹചര്യത്തിൽ പദ്ധതിയിൽ നിന്നു പിൻവാങ്ങിയ കർഷകർക്ക് നേരത്തേ വ്യവസ്ഥ ചെയ്തതു പ്രകാരം വിത്തുധനം തിരികെ നൽകാനും സൊസൈറ്റിക്കു കഴിഞ്ഞില്ല. പ്രശ്നത്തിൽ സർക്കാർ ഉടൻ ഇടപെടണമെന്നാണ് കർഷകരുടെ ആവശ്യം.

പദ്ധതിക്കായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പ വാങ്ങി വിത്തുധനം നൽകുകയും പരിപാലന ചെലവ് വഹിക്കുകയും ചെയ്ത കർഷകർ കടക്കെണിയിലാണെന്നും തുക നൽകുന്നതിൽ സൊസൈറ്റി ഇനിയും വീഴ്ച വരുത്തിയാൽ കുടുംബാംഗങ്ങളെ അടക്കം പങ്കെടുപ്പിച്ചു ശക്തമായ സമരവുമായി രംഗത്തിറങ്ങുമെന്നും കേരള ചിക്കൻ കർഷക ഫെഡറേഷൻ ഭാരവാഹികളായ പി.എ. മുസ്തഫ, ടോമി മൈക്കിൾ എന്നിവർ അറിയിച്ചു. ഒരേ സമയം 15,000 വരെ കോഴിക്കുഞ്ഞുങ്ങളെ വളർത്തിയ കർഷകർ ലക്ഷക്കണക്കിനു രൂപയാണ് വിത്തുധനമായി സൊസൈറ്റിക്കു നൽകിയത്.

സൊസൈറ്റി അധികൃതർ കർഷകരെ കയ്യൊഴിഞ്ഞ അവസ്ഥയാണ്. സൊസൈറ്റിയുടെ കെടുകാര്യസ്ഥതയാണു പദ്ധതി താളംതെറ്റാൻ കാരണം. പദ്ധതി നിർവഹണത്തിൽ അറിവും കഴിവും ഉള്ള ആളുകളുടെയും കർഷക പ്രതിനിധികളുടെയും സേവനം പ്രയോജനപ്പെടുത്തണം. പദ്ധതിയെ പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം കോഴിഫാമുകളെ ആഡംബര പട്ടികയിൽ ഉൾപ്പെടുത്തി ഒറ്റത്തവണ നികുതി സമ്പ്രദായം ഏർപ്പെടുത്തി സർക്കാർ കർഷകരെ നിരുത്സാഹപ്പെടുത്തുകയാണെന്നും ഇവർ ആരോപിച്ചു.

## ബിസിനസ് ഗ്രോത്ത് പ്രോഗ്രാം

**കൊച്ചി:** കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) പിന്തുണയ്ക്കുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെഐഇഡി) ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എന്റർപ്രൈസ് ഡെവലപ്മെന്റ് സെന്റർ (ഇഡിസി) മുഖാന്തിരം ബിസിനസ് ഗ്രോത്ത് പ്രോഗ്രാം (ബിജിപി) നടപ്പിലാക്കുന്നു.എം.എസ്.എം.ഇ യെ അവരുടെ വിപുലീകരണം, സാമ്പത്തിക സ്ഥിരത, നവീകരണം എന്നിവയിൽ പിന്തുണയ്ക്കുക, എം.എസ്.എം.ഇ യൂണിറ്റുകളെ മത്സരാധിഷ്ഠിതവും വളർച്ചാ കേന്ദ്രീകൃതവുമാക്കുക, ബിസിനസ് കെപിഐയുടെ മൊത്തത്തിലുള്ള വളർച്ചയും തൊഴിൽ സൃഷ്ടിയും, മെന്റർഷിപ്പ് സെഷനുകളിലൂടെയും പരിശീലന പരിപാടികളിലൂടെയും ശരിയായ ബിസിനസ് ഇൻപുട്ടുകൾ നൽകുക എന്നിവയാണ് പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ. മെന്റർഷിപ്പ്, ട്രെയിനിംഗ് സെഷനുകൾ, ഹാൻഡ് ഹോൾഡിംഗ് എന്നിവ സംയോജിപ്പിക്കുന്ന ആറ് മാസത്തെ പ്രോഗ്രാമിലൂടെ അവരുടെ പ്രവർത്തന കാര്യക്ഷമത, വിൽപ്പന വളർച്ച, ലാഭം, സുസ്ഥിരത എന്നിവ വർദ്ധിപ്പിക്കാൻ പ്രോഗ്രാം ലക്ഷ്യമിടുന്നു. ഒരു ബാച്ചിൽ കേരളത്തിൽ നിന്നുള്ള 20 സംരംഭകരെയായിരിക്കും ഉൾപ്പെടുത്തുന്നത് .സംരംഭകർക്ക് അവരുടെ പതിവ് ബിസിനസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താതെ പങ്കെടുക്കാൻ കഴിയുന്ന രീതിയിലായിരിക്കും പ്രോഗ്രാം നടപ്പിലാക്കുന്നത്. 35 ലക്ഷത്തിനും 50 കോടിയ്ക്കും ഇടയിൽ വാർഷിക വിറ്റ് വരവുള്ള 10 വർഷത്തിന് താഴെയായി കേരളത്തിൽ പ്രവർത്തിച്ച് വരുന്ന ഉത്പാദന മേഖലയിലോ, പ്രത്യേകതയുള്ള സേവന മേഖലയിലോ ഉൾപ്പെട്ടിട്ടുള്ള എംഎസ്എംഇ യൂണിറ്റുകൾക്കാണ് ഈ പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അർഹത. താൽപ്പര്യമുള്ള സംരംഭകർക്ക് നിലവിലുള്ള ഒരു സംരംഭകനായി ൦൦൦.ല റരസല്യമഹമ.ീൃഴ ൽ രജിസ്റ്റർ ചെയ്യാനും തുടർന്ന് ബിസിനസ് ഗ്രോത്ത് പ്രോഗ്രാമിനുള്ള അപേക്ഷ പൂരിപ്പിക്കാനും കഴിയും. അപേക്ഷ ലഭിക്കാനുള്ള അവസാന തീയതി മെയ് 20 ആണ്. കൂടുതൽ വിവരങ്ങൾ ൦൦൦.ലറരസല്യമഹമ.ീൃഴ വെബ്സൈറ്റിൽ ലഭ്യമാണ് സംശയ നിവാരണങ്ങൾക്ക് ശിളീ@സശലറ.ശി/ 0484 2550322/2532890/7012376994/9605542061 നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** ദേശീയ ആരോഗ്യ ദൗത്യം എറണാകുളം വിവിധ പരിപാടികൾക്ക് കീഴിൽ 202324 കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് ടാക്സി വാഹന ഉടമകൾ/ ഏജൻസികൾ എന്നിവരിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ഇടെൻഡർ സംവിധാനമായ ൦൦൦.ലലിറലൃ.സലൃമഹമ.ഴീ.ശി മുഖേന ദർഘാസ് സമർപ്പിക്കാവുന്നതാണ്. അവസാന തീയതി മെയ് 10 ഉച്ചയ്ക്ക് ര് വരെ. വിശദവിവരങ്ങൾക്ക് ജില്ലാ പ്രോഗ്രാം മാനേജർ, നമ്പർ 9. പള്ളിയിൽ

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബറിലെ ഷോപ്പിംഗ് കോംപ്ലക്സിന് കിഴക്കുഭാഗത്തുള്ള മിനറൽ വാട്ടർ സൂക്ഷിക്കുന്ന റൂമിന്റെ ഒരു മുറി (റൂം നമ്പർ 1) 21/06/2023 ജൂൺ 21 മുതൽ 2024 ജൂൺ 20 വരെ വാടകയ്ക്ക് നൽകുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക് ഫോൺ 0484 2967371.

# മാലിന്യ സംസ്കരണത്തിന് കൊച്ചിക്ക് സേനകളുടെ സഹായം

**കൊച്ചി:** മാലിന്യ സംസ്കരണത്തിൽ കൊച്ചിയെ സഹായിക്കാൻ ഇൻഡ്യൻ നേവി, കോസ്റ്റ് ഗാർഡ്, പോലീസ് സേനകൾ തയ്യാറാകുന്നു. ഇന്ന് നേവൽ ആസ്ഥാനത്ത് ചീഫ് ഓഫ് നേവൽ കമാൻഡ് വൈസ് അഡ്മിറൽ എം.എ. ഹംപി ഹോളി, കൊച്ചിയിലെ കോസ്റ്റ് ഗാർഡ് തലവൻ എൻ രവി, സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ ഐ.പി.എസ്. എന്നിവർ കൊച്ചി മേയറുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ നേവിയിലെ ദക്ഷിണ നേവൽ കമാൻറിലെ പ്രമുഖരായ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. മെയ് മാസത്തിൽ ഒരു ബഹുജന ശുചീകരണ ക്യാമ്പയിൻ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കൊച്ചി മേയറുടെ അഭ്യർത്ഥന മാനിച്ചാണ് ഇന്ന് യോഗം ചേർന്നത്.യോഗ തീരുമാന പ്രകാരം ഫോർട്ട് കൊച്ചി പരിസരം ഇന്ത്യൻ നേവി ശുചീകരിക്കും. ഫോർട്ട് കൊച്ചി ബീച്ചിൻറെ ശുചീകരണം കോസ്റ്റ് ഗാർഡും ഏറ്റെടുക്കും. എറണാകുളം ഷണ്മുഖം റോഡും പരിസരവും പരിപാലനം കേരള പോലീസും ഏറ്റെടുക്കും.മെയ് മാസത്തിൽ തുടങ്ങുന്ന ശുചീകരണ പ്രവർത്തനങ്ങൾ എല്ലാ മാസവും തുടരും. പരിസ്ഥിതി ദിനമായ ജൂൺ 5 ന് ശുചീകരിച്ച സ്ഥലങ്ങളിൽ ചെടികൾ നട്ടുപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിക്കും. സേനകളോടൊപ്പം എൻസിസി, സ്റ്റുഡൻറ് പോലീസ് കേഡറ്റുകളും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാവും.ശുചീകരിച്ച സ്ഥലങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ എടുത്തുമാറ്റാനുള്ള ഉത്തരവാദിത്വം നഗരസഭയ്ക്കായിരിക്കും. വിശദമായ പരിപാടികൾ നേവി തയ്യാറാക്കും ഹീൽ കൊച്ചി എന്ന ഹാഷ്ടാഗിലായിരിക്കും ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. പൊതുജനങ്ങളുടെ സഹകരണവും ഈ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കും.

# ഈസ്റ്റർ, വിഷു, ഈദ് ആഘോഷം സംഘടിപ്പിച്ച് കെ.എച്ച്.ആർ.എ

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഈസ്റ്റർ, വിഷു, ഈദ് ആഘോഷം സംഘടിപ്പിച്ചു. കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ആഘോഷം ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ടി. ജെ. വിനോദ് എം.എൽ.എ., സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ജയകുമാർ, ബേക്സ് സംസ്ഥാന പ്രസിഡന്റ് വിജീഷ് വിശ്വനാഥൻ, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ്, ഡി.സി.സി. പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ഐ.എൻ.എൽ ജില്ലാ പ്രസിഡന്റ് മുഹമ്മദ് നജീബ്, ഗ്രാന്റ് ഹയാത് എക്സിക്യൂട്ടീവ് ഷെഫ് ലത, കെ.എച്ച്.ആർ.എ. രക്ഷാധികാരി ജി. സുധീഷ്കുമാർ അടക്കമുള്ള പ്രമുഖർ പങ്കെടുത്തു. ചടങ്ങിൽ ഇൻഡോ റഷ്യൻ എക്സലൻസ് അവാർഡ് നേടിയ കോവളം ഉദയസമുദ്ര ഹോട്ടലുടമ ഡോ. രാജശേഖരൻ നായരേയും കേരള ചലചിത്ര അക്കാദമി അംഗം മമ്മി സെഞ്ചുറിയേയും ആദരിച്ചു. ഹോട്ടൽ ബിസിനസ് മെച്ചപ്പെടുത്തുന്നതിന് ഹോട്ടലുടമകൾക്ക് സഹായകരമാകുന്ന റെസ്റ്റോ ആപ്പിന്റെ ഉദ്ഘാടനം സംസ്ഥാനപ്രസിഡന്റ് ജി. ജയപാൽ നിർവ്വഹിച്ചു. സംസ്ഥാന ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാൾ സ്വാഗതവും, ട്രഷറർ എൻ. അബ്ദുൾ റസാഖ് നന്ദിയും പ്രകാശിപ്പിച്ചു.




# ആലുവ നഗരസഭയിൽ സമഗ്ര ഖരമാലിന്യ പദ്ധതി

**കൊച്ചി:** ആലുവ നഗരസഭയിൽ മാലിന്യ സംസ്കരണം ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള ഖര മാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി. )യുടെ കൺസൾട്ടേഷൻ യോഗം ചേർന്നു. നഗരസഭ തലത്തിൽ ഖര മാലിന്യ പരിപാലനത്തിന് രൂപരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെയാണ് യോഗം നടന്നത്. ആലുവ നഗരസഭ കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിന്റെ ഉദ്ഘാടനം നഗരസഭാ ചെയർമാൻ എം.ഒ ജോൺ നിർവഹിച്ചു.നഗരസഭയ്ക്ക് അടുത്ത 20 വർഷത്തേക്കുള്ള സമഗ്ര ഖര മാലിന്യ പരിപാലന രൂപരേഖ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ നടന്ന യോഗത്തിൽ പങ്കെടുത്തവരെ നാലു ഗ്രൂപ്പുകളായി തിരിച്ചുകൊണ്ട് ചർച്ചകൾ നടന്നു. ജനപ്രതിനിധികളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടെ മാലിന്യ സംസ്കരണം നടപ്പിലാക്കാൻ യോഗത്തിൽ അഭിപ്രായമുയർന്നു.പൊതുജനങ്ങളിൽ മാലിന്യ സംസ്കരണ അവബോധം സൃഷ്ടിക്കാൻ നഗരസഭയിൽ വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതിന്റെയും മാലിന്യ സംസ്കരണ രീതികളും ഉപാധികളും പരിചയപ്പെടുത്തേണ്ടതിന്റെയും അനിവാര്യതയും യോഗത്തിൽ ചർച്ചയായി.യോഗത്തിൽ നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം. പി സൈമൺ അദ്ധ്യക്ഷത വഹിച്ചു , കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി) ഡെപ്യൂട്ടി ജില്ലാ കോർഡിനേറ്റർ എം.എസ് ധന്യ, നഗരസഭ സെക്രട്ടറി ഡി. ജയകുമാർ ക്ലീൻ സിറ്റി മാനേജർ കെ.വി പ്രേം നവാസ്, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് എ.കെ ഗോപാലകൃഷ്ണൻ, കേരള ഖരമാലിന്യ പരിപാലന പദ്ധതി ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥരായ ജയന്തി കൃഷ്ണ, ജിനിത വർഗീസ്, പി.വി അനൂപ്, സോഷ്യൽ എക്സ്പേർട്ട് എസ്.വിനു , ജന പ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, ഹരിത കർമ്മസേന അംഗങ്ങൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായി പ്രതിനിധികൾ രാഷ്ട്രീയ പ്രവർത്തകർ, സാമൂഹ്യ സന്നദ്ധ സംഘടന പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.



# സഹകരണ എക്സ്പോ : കേരളത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ കൈവരിച്ച മുന്നേറ്റങ്ങൾ സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ

**കൊച്ചി:** ജനക്ഷേമത്തിനും നാടിന്റെ വികസനത്തിനും ഊന്നൽ നൽകികൊള്ള സഹകരണമേഖലയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് സംസ്ഥാന സർക്കാരാണെന്ന് കടകംപള്ളി സുരേന്ദ്രൻ എം. എൽ. എ. പറഞ്ഞു. സഹകരണ എക്സ്പോയുടെ ഭാഗമായി ' കേന്ദ്ര സർക്കാർ ഇടപെടലുകളും സഹകരണ മേഖല നേരിടുന്ന വെല്ലുവിളികളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഹകരണ പ്രസ്ഥാനത്തിന്റെ ആഗോള തത്ത്വങ്ങളുടെയും മൂല്യങ്ങളുടെയും കാഴ്ച്ചപ്പാടുകളുടെയും പ്രവർത്തന മാതൃകകളുടെയും പരിച്ഛേദമാണ് കേരളം. കാർഷിക വായ്പ പ്രവർത്തനം മുതൽ ഏറ്റവും പുതിയ ആധുനിക വിവരസാങ്കേതികവിദ്യ മേഖലകളിൽ ഉൾപ്പെടെ സഹകരണ പ്രസ്ഥാനം കർമ്മനിരതമാണ്. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുൾപ്പെടുന്നതിനാലാണ് ഇത്തരം നേട്ടങ്ങൾ കൈവരിക്കാനായതെന്നും വികസനത്തിന്റെ കേരളാ മോഡൽ സാധ്യമാക്കുന്നതിൽ സഹകരണ മേഖല വഹിച്ച് പങ്ക് സ്തുത്യാർഹമാണെന്നും അദ്ദേഹം പറഞ്ഞു.കേരള അഡ്വക്കേറ്റ് ജനറൽ അഡ്വ. കെ. ഗോപാലകൃഷ്ണക്കുറുപ്പ് അധ്യക്ഷത വഹിച്ചു. ഭരണഘടനയുടെ ഫെഡറൽ തത്വത്തിന്റെ അന്തസത്തയെ മറികടന്നുകൊ് കേന്ദ്ര സർക്കാർ സഹകരണമേഖലയെ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തിന്റെ അധികാരങ്ങളിലേക്കുള്ള കടന്നു കയറ്റം ലക്ഷ്യമിട്ടുകൊാണെന്ന് അദ്ദേഹം പറഞ്ഞു.കൺസ്യൂമർഫെഡ് ചെയർമാൻ എം. മെഹബൂബ് തയ്യാറാക്കിയ പ്രബന്ധം റിട്ട. ജോയിന്റ് രജിസ്ട്രാർ ബി. ഉണ്ണികൃഷ്ണൻ സെമിനാറിൽ അവതരിപ്പിച്ചു. ഭരണഘടനാ പ്രകാരം സംസ്ഥാനത്തിന് യോജിച്ച രീതിയിൽ സഹകരണ നിയമവും ചട്ടങ്ങളും രൂപികരിക്കുന്നതിനുള്ള നിയമപരമായ അവകാശവും ഉത്തരവാദിത്വവും സംസ്ഥാനങ്ങളുടെതാണ്. അതിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ കടന്നുകയറ്റം സഹകരണ മേഖലയെ പ്രതിസന്ധിയിലാക്കുമെന്നും രാജ്യത്തിന്റെ സഹകരണ മേഖലയിൽ 65 ശതമാനത്തോളം കേരളത്തിന്റെ സംഭാവനയാണ്. ഈ നേട്ടം കൈവരിക്കാൻ സഹകരണപ്രസ്ഥാനങ്ങളെ പ്രാപ്തമാക്കിയത് സംസ്ഥാന സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു.മുൻ എം. എൽ. എ. ശശികുമാർ, തിരുവനന്തപുരം എസ്. എൻ. കോളേജ് അസി. പ്രൊഫസർ ഡോ. എ.ജെ. ലക്ഷ്മി, കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന സെക്രട്ടറി വി. ജയപ്രകാശ്, തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.



# കരുതലും കൈത്താങ്ങും ജില്ലയിൽ മെയ് 15 മുതൽ

**കൊച്ചി:** രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ജില്ലയിലെ കരുതലും കൈത്താങ്ങും അദാലത്തുകൾക്ക് മെയ് 15ന് തുടക്കമാകും. കണയന്നൂർ താലൂക്കിലാണ് ആദ്യ അദാലത്ത്. എറണാകുളം ടൗൺഹാളിൽ നടക്കുന്ന പരിപാടിക്ക് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് എന്നിവർ നേതൃത്വം നൽകും.അദാലത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ് ഷാജഹാൻ എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിൽ വിലയിരുത്തി.പറവൂർ താലൂക്കിലെ അദാലത്ത് മെയ് 16ന് കേസരി ബാലകൃഷ്ണ പിള്ള മെമ്മോറിയൽ ടൗൺഹാളിലും ആലുവ താലൂക്ക് അദാലത്ത് 17ന് മഹാത്മാഗാന്ധി ടൗൺഹാളിലും കുന്നത്തുനാട് താലൂക്ക് അദാലത്ത് 22ന് പെരുമ്പാവൂർ ഇ.എം.എസ് മെമ്മോറിയൽ ടൗൺഹാളിലും നടക്കും. കൊച്ചി താലൂക്ക് അദാലത്ത് 23ന് മട്ടാഞ്ചേരി ടി.ഡി. സ്കൂളിലും മൂവാറ്റുപുഴ താലൂക്ക് അദാലത്ത് 25ന് മൂവാറ്റുപുഴ മുനിസിപ്പൽ ടൗൺഹാളിലും നടക്കും. ജില്ലയിലെ അവസാന അദാലത്ത് മെയ് 26ന് കോതമംഗലം താലൂക്കിലെ മാർത്തോമ ചെറിയ പള്ളി കൺവെൻഷൻ സെന്ററിലാണ്. എല്ലാ അദാലത്തിലും മന്ത്രിമാരായ പി. രാജീവും മന്ത്രി പി. പ്രസാദും പങ്കെടുക്കും.ജില്ലയിലെ ഏഴ് താലൂക്കുകളിലായി 2713 അപേക്ഷകളാണ് അദാലത്തിൽ ലഭിച്ചിരിക്കുന്നത്. ജില്ലയിൽ കണയന്നൂർ താലൂക്കിലാണ് ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിരിക്കുന്നത്. 527 അപേക്ഷകൾ. കുന്നത്തുനാട് താലൂക്കിൽ 426, പറവൂർ 424, ആലുവ 423, കോതമംഗലം 330, കൊച്ചി 327, മൂവാറ്റുപുഴ 256 എന്നിങ്ങനെയാണ് അപേക്ഷകൾ ലഭിച്ചിരിക്കുന്നത്.ഭൂമി സംബന്ധമായ സർട്ടിഫിക്കറ്റുകൾ, ലൈസൻസ് എന്നിവ നൽകുന്നതിലുള്ള കാലതാമസം, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, തണ്ണീർ തട സംരക്ഷണം, വിവിധ ക്ഷേമ പദ്ധതികൾ, പ്രകൃതിദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട അപേക്ഷകളും പരാതികളുമാണ് പരിഗണിക്കുന്നത്. ഏപ്രിൽ ഒന്നു മുതൽ 15 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് സമയം നൽകിയിരുന്നു.



അക്ഷയ കേന്ദ്രങ്ങൾ, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലും ഓൺലൈനിലുമാണ് അപേക്ഷകൾ സ്വീകരിച്ചത്. ലഭിച്ച അപേക്ഷകളിൽ തരംതിരിച്ച് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് അദാലത്ത് ദിവസം നേരിട്ട് എത്തി അപേക്ഷകൾ സമർപ്പിക്കാം. അദാലത്തിനോട് അനുബന്ധിച്ച് ലഭിച്ച അപേക്ഷകൾ അത് വകുപ്പുകളിലേക്ക് കൈമാറിയാണ് പരിഹാരം കാണുന്നത്. അദാലത്തുകളുടെ മികച്ച നടത്തിപ്പിനായി ജില്ലാ കളക്ടർ ചെയർമാനായ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. ഫോർട്ടു കൊച്ചി സബ് കളക്ടറും മുവാറ്റുപുഴ ആർ.ഡി.ഒയും പ്ലാനിങ് ഓഫീസറും ആണ് സമിതിയിലെ മറ്റ് അംഗങ്ങൾ. ലഭിച്ച അപേക്ഷകളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് എത്രയും വേഗത്തിൽ റിപ്പോർട്ട് തയാറാക്കണമെന്ന് യോഗത്തിൽ കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽഹുസൂർ ശിരസ്തദാർ കെ. അനിൽകുമാർ മേനോൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നിയമസഭാ ലൈബ്രറി ശതാബ്ദി: മദ്ധ്യ മേഖലാ ആഘോഷം തൃശൂരിൽ

കൊച്ചി: കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ മധ്യമേഖലാ ജില്ലകൾ കേന്ദ്രീകരിച്ചുള്ള പരിപാടി മെയ് രണ്ട് ചൊവ്വാഴ്ച തൃശ്ശൂരിലെ കേരള സംഗീത നാടക അക്കാദമി റീജിയണൽ തീയേറ്ററിൽ വച്ച് സംഘടിപ്പിക്കുകയാണ്. രാവിലെ 10.30 ന് ചേരുന്ന നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിലുള്ള ഉദ്ഘാടന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. മേയർ, മന്ത്രി ഡോ . ആർ ബിന്ദു, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, തൃശ്ശൂർ നഗരസഭാ സാമാജികർ, എം. പി. തുടങ്ങിയവർ സംസാരിക്കും. പരിപാടിയോടനുബന്ധിച്ച് നിയമസഭാ മ്യൂസിയം സംഘടിപ്പിക്കുന്ന ചരിത്ര പ്രദർശനം, നിയമസഭാ സാമാജികരുടെ രചനകളുടെ പ്രദർശനം നിയമസഭാ ലൈബ്രറിയെക്കുറിച്ചുള്ള ലഘു വീഡിയോ പ്രദർശനം, പ്രഭാഷണം എന്നിവ ഉണ്ടായിരിക്കും. തൃശ്ശൂർ ജില്ലയിലെ മുൻ സാമാജികർക്കും സാഹിത്യകാരൻ സച്ചിദാനന്ദനും ആദരം നൽകുന്ന ഈ ചടങ്ങിൽ മുൻ സാമാജികർ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, ലൈബ്രറി കൗൺസിൽ അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ എന്നിവർ പങ്കെടുക്കും. 'കേരളം : നവോത്ഥാനവും ശേഷവും എന്ന വിഷയത്തിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് . കെ. സച്ചിദാനന്ദൻ പ്രഭാഷണം നടത്തുന്നതാണ്. തുടർന്ന് കലാപരിപാടിയും ഉണ്ടായിരിക്കുന്നതാണ്.

## ജോലി ഒഴിവ്

**കൊച്ചി:** കൊല്ലം ജില്ലയിലെ ഒരു മാനേജ്മെന്റ് സ്ഥാപനത്തിലേക്ക് എച്ച് എസ്എസ് ടി (സീനിയർ) ഫിസിക്സ് തസ്തികയിൽ കേൾവി വൈകല്യമുള്ളവർക്കായി സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് നിലവിലുണ്ട്. യോഗ്യത എംഎസ് സി ഫിസിക്സിൽ 50 ശതമാനം മാർക്ക്, ഫിസിക്കൽ സയൻസിൽ ബിഎഡ്,എം.എഡ്/എം.ഫിൽ/സെറ്റ്/നെറ്റ്. ശമ്പള സ്കെയിൽ 55200 1,15,300, പ്രായം 2023 ജനുവരി ഒന്നിന 40 വയസ്സ് കവിയാൻ പാടില്ല.നിശ്ചിത യോഗ്യതയുള്ള തല്പരരായ ഉദ്യോഗാർഥികൾ പ്രായം, ജാതി വിദ്യാഭ്യാസ യോഗ്യത, ഭിന്നശേഷിത്വം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സാഹിതം മെയ് എട്ടിന് മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമനാധികാരിയിൽ നിന്നുമുള്ള എൻ ഓ സി ഹാജരാക്കണം.അനെർട്ട് ഡിപ്ലോമ / എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി സൗരോർജ്ജ മേഖലയിൽ ഇന്റേൺഷിപ്പ് പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചുഅനെർട്ട് ഡിപ്ലോമ / എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി സൗരോർജ്ജ മേഖലയിൽ ഇന്റേൺഷിപ്പ് പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് / ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് / ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നിവയിൽ ഡിപ്ലോമ / ബി.ഇ/ബി.ടെക് അടിസ്ഥാന യോഗ്യതയുള്ളവർക്കും പഠിച്ചുകൊണ്ടിരിക്കുന്നവർക്കും അപേക്ഷിക്കാം . ആദ്യത്തെ 200 പേർക്ക് രജിസ്റ്റർ ചെയ്യുന്ന മുൻഗണന ക്രമത്തിൽ ആയിരിക്കും പരിശീലനം ലഭിക്കുക. ഡിപ്ലോമ വിദ്യാർത്ഥികൾക്ക് 177 (150 + 18 ശതമാനം ജിഎസ് ടി) രൂപയും ബി.ഇ/ബി.ടെക് വിദ്യാർത്ഥികൾക്ക് 295 (250 + 18 ശതമാനം ജിഎസ് ടി) രൂപയും രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. കോഴ്സ് തൃപ്തികരമായി പൂർത്തിയാക്കിയ ശേഷം അനെർട് ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മെയ് രണ്ട്. അനെർട്ടിന്റെ വെബ്സൈറ്റ് വഴി (http://www.anert.gov.in/) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദാംശങ്ങൾക്കായി ബന്ധപ്പെടുക : 18004251803 or mail to: anerttraining2023@gmail.com.

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ജിയോളജി വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവു്. യോഗ്യത ജിയോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദം, പി.എച്ച്ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി മെയ് അഞ്ചിന് രാവിലെ 10.30 ന് നേരിട്ട് പ്രിൻസിപ്പാൾ ഓഫീസിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക് ൦൦൦.൦മ വമൃമഷമമ.മര.ശി സന്ദർശിക്കുക.

# ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് എഫ്എസ് 1 പ്രോ സ്മാർട്ട് വാച്ച് അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ യൂത്ത് ആൻറ് അസസ്സറീസ് ബ്രാൻഡ് ആയ ഫാസ്റ്റ്ട്രാക്ക് ലോകത്തിലെ ആദ്യ 1.96 ഇഞ്ച് സൂപ്പർ അമോലെഡ് ആർച്ച്ഡ് ഡിസ്‌പ്ലേ സ്മാർട്ട് വാച്ചായ റിവോൾട്ട് എഫ്എസ്1 പ്രോ അവതരിപ്പിച്ചു. ഫ് ളിപ്കാർട്ടുമായി സഹകരണത്തിലാണ് ഓൾവെയ്സ് ഓൺ ഡിസ്‌പ്ലേയുള്ള ഈ സ്മാർട്ട് വാച്ച് അവതരിപ്പിക്കുന്നത്. ഫ്ളിപ്കാർട്ടിൽ മാത്രമായി 3,995 രൂപ എന്ന പ്രത്യേക വിലയിൽ റിവോൾട്ട് എഫ്എസ്1 പ്രോ ലഭിക്കുമെന്ന് ടൈറ്റൻ കമ്പനി സ്മാർട്ട് വെയറബിൾസ് സിഇഒ രവി കുപ്പരാജ് പറഞ്ഞു.റിവോൾട്ട് എഫ്എസ്1 പ്രോ 1.96 ഇഞ്ച് സൂപ്പർ അമോലെഡ് ആർച്ച്ഡ് ഡിസ്‌പ്ലേയുള്ള ബിടി കോളിങ് സ്മാർട്ട് വാച്ചാണ്. ഈ വിഭാഗത്തിലെ ഏറ്റവും മികച്ചവയിൽ ഒന്നായ 410 ത 502 റെസല്യൂഷനാണ് ഇതു നൽകുന്നത്. ആകർഷകമായ രൂപം നൽകുന്ന ആർച്ച്ഡ് ഡിസൈനുമായി ഫാഷൻറെ കാര്യത്തിലും ഇതു മുന്നിട്ടു നിൽക്കുന്നു. സുഖകരമായ ഫിറ്റിങ്, മികച്ച ദൃശ്യ അനുഭവം എന്നിവയും എടുത്തു പറയേണ്ടതാണ്. 2.5എക്സ് നിട്രോ ഫാസ്റ്റ് ചാർജിങ് സൗകര്യവും ഇതിലുണ്ട്. ഇതുവഴി പത്തു മിനിറ്റു ചാർജു ചെയ്ത് ഒരു ദിവസത്തെ ചാർജ് ഉറപ്പാക്കാനാവും.ഫാഷന്റെയും സാങ്കേതികവിദ്യയുടേയും കാര്യത്തിൽ തൽപരരായ എല്ലാ ഉപഭോക്താക്കൾക്കും റിവോൾട്ട് എഫ്എസ്1 പ്രോ ഒഴിവാക്കാനാവാത്ത ഒന്നാണ്. 110ൽ ഏറെ സ്പോർട്ട്സ് മോഡുകളും ഇരുന്നൂറിൽ ഏറെ വാച്ച് ഫെയ്സുകളും പുതിയ വാച്ചിലുണ്ട്. ഇതിൻറെ സിംഗിൾ സിങ്ക് ബിടി കോളിങ് വഴി തടസമില്ലാത്ത കണക്ടിവിറ്റിയും മികച്ച പ്രകടനവും ഉറപ്പാക്കാനാവുന്നു. തുടർച്ചയായ സ്ട്രെസ് മോണിറ്ററിംഗ്, ഓട്ടോ സ്ലീപ് ട്രാക്കിങ്, മുഴുവൻ സമയ ഹാർട്ട് റേറ്റ് മോണിറ്ററിംഗ് എന്നിവ അടക്കമുള്ള ആധുനിക ആരോഗ്യ നിരീക്ഷണ സംവിധാനങ്ങളും ഇതിലുണ്ട്.റിവോൾട്ട് എഫ്എസ്1 പ്രോ ബ്ലാക്ക്, ബ്ലൂ. ടീൽ എന്നീ മൂന്നു നിറങ്ങളിലാവും ലഭിക്കുക. ഇതിൽ ഐപി68 ഡസ്റ്റ് ആൻറ് വാട്ടർ റെസിസ്റ്റൻസിനു പുറമേ സ്മാർട്ട് നോട്ടിഫിക്കേഷനും നിർമിത ബുദ്ധിയുടെ പിൻബലമുള്ള വോയ്സ് അസിസ്റ്റൻറുമുണ്ട്.റിവോൾട്ട് എഫ്എസ്1 അവതരിപ്പിച്ചപ്പോൾ ലഭിച്ച പ്രതികരണം തങ്ങൾക്ക് അളവറ്റ ആഹ്ലാദം നൽകിയെന്നും രവി കുപ്പരാജ് പറഞ്ഞു. റിവോൾട്ട് പരമ്പരയിലെ അടുത്തതായ റിവോൾട്ട് എഫ്എസ്1 പ്രോ അവതരിപ്പിച്ചു തങ്ങൾ ഈ നിര വിപുലമാക്കുകയാണ്. റിവോൾട്ട് എഫ്എസ്1 പ്രോ ലോകത്തിലെ ആദ്യ 1.96 ഇഞ്ച് സൂപ്പർ അമോലെഡ് ആർച്ച്ഡ് ഡിസ്‌പ്ലേ സ്മാർട്ട് വാച്ചാണ്. പുതുമകളോടു കൂടിയ വ്യത്യസ്തമായ ആർച്ച്ഡ് ഡിസൈനാണ് ഇതിനുള്ളത്. ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സാങ്കേതികവിദ്യ ലഭ്യമാക്കാൻ തങ്ങൾക്ക് പ്രതിബദ്ധതയുണ്ട്. തങ്ങളുടെ ഉത്പന്നങ്ങൾ പുറത്തിറക്കുന്നതിനു മുൻപ് 450ൽ ഏറെ പരിശോധനകളാണ് നടത്തുന്നത്. അതിനു ശേഷമാണ് അവ തങ്ങളുടെ ഉപഭോക്താക്കൾക്കായി ലഭ്യമാക്കുന്നത്. ഫ്ളിപ്കാർട്ടുമായി തങ്ങൾ സഹകരിക്കുന്നുണ്ടെന്നും ഇത് തങ്ങളുടെ ദീർഘകാലമായി നിലനിൽക്കുന്ന വിജയകരമായ സഹകരണത്തിൻറെ സാക്ഷ്യപത്രമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# സിഎസ്ബി ബാങ്കിന്റെ അറ്റാദായത്തിൽ 19 ശതമാനം വർധനവ്

**കൊച്ചി:** സിഎസ്ബി ബാങ്കിന്റെ മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തെ അറ്റാദായം 19 ശതമാനം വാർഷിക വളർച്ചയോടെ 547 കോടി രൂപയിലെത്തിയതായി സിഎസ്ബി ബാങ്ക് മാനേജിങ് ഡയറക്ടർ പ്രളയ് മുണ്ടൽ പറഞ്ഞു. 2022 സാമ്പത്തിക വർഷം 458 കോടി രൂപയായിരുന്നു അറ്റാദായം. കഴിഞ്ഞ സാമ്പത്തിക വർഷം 15 ശതമാനം വർധനവോടെ 707 കോടി രൂപയുടെ പ്രവർത്തന ലാഭവും ബാങ്ക് കൈവരിച്ചിട്ടുണ്ട്. അറ്റ പലിശ വരുമാനം 16 ശതമാനം വർധനവോടെ 1334 കോടി രൂപയിലും എത്തിയിട്ടുണ്ട്. കഴിഞ്ഞ ത്രൈമാസങ്ങളെ അപേക്ഷിച്ച് മാർച്ച് 31ന് അവസാനിച്ച നാലാം ത്രൈമാസത്തിൽ മൊത്തം നിഷ്ക്രിയ ആസ്തികൾ 1.26 ശതമാനമായും അറ്റ എൻപിഎ 0.35 ശതമാനമായും മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൻറെ നാലാം ത്രൈമാസത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 20 ശതമാനം വർധനവോടെ 156.34 കോടി രൂപയുടെ അറ്റാദായവും ബാങ്ക് കൈവരിച്ചിട്ടുണ്ട്.25 ശതമാനം ബിസിനസ് വളർച്ചയോടെയാണ് തങ്ങൾ 547 കോടി രൂപയുടെ അറ്റാദായം നേടിയതെന്നും പ്രളയ് മുണ്ടൽ പറഞ്ഞു. വായ്പകളുടെ കാര്യത്തിൽ 31 ശതമാനവും നിക്ഷേപങ്ങളുടെ കാര്യത്തിൽ 21 ശതമാനവും വളർച്ച കൈവരിക്കാനായി. പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രധാന സൂചകങ്ങളെല്ലാം മികച്ച നിലയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സ്റ്റാർ ഹെൽത്തിന് 13 ശതമാനം വളർച്ച

**കൊച്ചി:** സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 12,952 കോടി രൂപയുടെ പ്രീമിയത്തിലുള്ള ഇൻഷുറൻസ് പോളിസികൾ നൽകി. പ്രവർത്തമാരംഭിച്ചതിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിലയാണിത്. മുൻ വർഷത്തെ അപേക്ഷിച്ച് 13 ശതമാനം വളർച്ചയാണിതു കാണിക്കുന്നതെന്ന് സിഇഒയും മാനേജിങ് ഡയറക്ടറുമായ ആനന്ദ് റോയ് പറഞ്ഞു.2022-23 സാമ്പത്തിക വർഷത്തിൽ 619 കോടി രൂപയുടെ അറ്റാദായവും കമ്പനി കൈവരിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം 1.041 കോടി രൂപയുടെ നഷ്ടം ഉണ്ടായിരുന്ന സ്ഥാനത്താണ് ഈ നേട്ടം. റീട്ടെയിൽ വിപണി വിഹിതം വർധിപ്പിക്കുന്നതിനാണ് തങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചതെന്ന് പ്രവർത്തന ഫലങ്ങളെ കുറിച്ചു പ്രതികരിച്ച പുതുതായി നിയമിതനായ സിഇഒയും മാനേജിങ് ഡയറക്ടറുമായ ആനന്ദ് റോയ് പറഞ്ഞു.

# ബ്രാവിയ എക്സ്70എൽ ടിവി സീരീസ് അവതരിപ്പിച്ച് സോണി

**കൊച്ചി:** ഏറ്റവും മികച്ച തലത്തിലുള്ള എന്റർടെയ്ൻമെന്റ് ആസ്വാദനത്തിനായി സോണി ഇന്ത്യ, പുതിയ ബ്രാവിയ എക്സ്70എൽ ടെലിവിഷൻ സീരീസ് അവതരിപ്പിച്ചു. 4കെ അൾട്രാ എച്ച്ഡി എൽഇഡി ഡിസ്‌പ്ലേയാണ് പ്രധാന സവിശേഷത. എക്സ്1 4കെ പ്രോസസറും ലൈവ് കളർ ടെക്നോളജിയും ശബ്ദതലത്തിലും, വർണവിന്യാസത്തിലും ഏറ്റവും മികച്ച ആസ്വാദനമായിരിക്കും ഉപഭോക്താക്കൾക്ക് സമ്മാനിക്കുക.108 സെ.മീ (43 ഇഞ്ച്), 126 സെ.മീ (50 ഇഞ്ച്) എന്നീ വലുപ്പങ്ങളിലാണ് പുതിയ മോഡലുകൾ ലഭിക്കുക. കെഡി43എക്സ്70എൽ മോഡലിന് 59,900 രൂപയും, കെഡി50എക്സ്70എൽ മോഡലിന് 74,900 രൂപയുമാണ് വില.2023 ഏപ്രിൽ 26 മുതൽ വിൽപനക്ക് ലഭ്യമാവും. ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇ കൊമേഴ്സ് പോർട്ടലുകളിലും ഈ മോഡലുകൾ ലഭ്യമാകും.



# പിജിഐ പ്ലാറ്റിനം ലവ് ബാൻഡ് കളക്ഷൻ

**തിരുവനന്തപുരം:** പ്ലാറ്റിനം ഗോൾഡ് ഇന്റർനാഷണൽ പ്ലാറ്റിനം ലൗ ബ്രാൻഡ്സ് സീസൺസ് കളക്ഷൻ അവതരിപ്പിച്ചു. വിവാഹ സീസൺ മുൻനിർത്തിയാണ് പുതിയ ശേഖരം അവതരിപ്പിച്ചത്. തങ്ങളുടെ പ്രത്യേക നിമിഷങ്ങളെ എന്നെന്നും ഓർമയിൽ നിലനിർത്തുന്ന തരത്തിൽ അനുപമമയാണ് ഈ കലക്ഷന്റെ രൂപകൽപന. ഇതിലെ അലങ്കാരങ്ങൾ പിന്തുണയേയും പ്രതിജ്ഞാബദ്ധതയേയും പ്രതിനിധീകരിക്കുകയും, ഡബിൾ ടോൺഡ് ഫൽയിഡ് ലൈനുകൾ ഒരുമയെ പ്രതീകവൽക്കരിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇടകലർന്നുള്ള പാറ്റേണുകൾ പരസ്പര ബഹുമാനത്തെയും ഉയർത്തിക്കാട്ടുന്നു. 95% സംശുദ്ധമായ പ്ലാറ്റിനം കൊണ്ട് സൃഷ്ടിച്ചിരിക്കുന്ന ഈ പ്ലാറ്റിനം ലൗ ബ്രാൻഡുകൾ ദമ്പതികൾ പരസ്പരം പങ്കിടുന്ന പ്രതിജ്ഞാബദ്ധതയുടേയും സ്നേഹത്തിന്റേയും പ്രതിരൂപവുമാണ്. എന്നും സെലിബ്രിറ്റികൾക്ക് പ്രിയങ്കരമാണ് പ്ലാറ്റിനം ലൗ ബ്രാൻഡുകൾ. ഇന്ത്യയിലെ പ്രമുഖ റീട്ടെയിൽ ജ്വല്ലറി ഷോപ്പുകളിലുടനീളം പുതിയ കളക്ഷൻ വിൽപനക്കുണ്ടാവും. കൂടുതൽ വിവരങ്ങൾക്ക്
Website: https://platinumdaysoflove.com/ സന്ദർശിക്കാം

# റിലയൻസ് ശീതളപാനീയ ബ്രാൻഡ് 'കാമ്പ' ഉഡാൻ പ്ലാറ്റ്ഫോമിലും

കൊച്ചി: ചില്ലറ വിൽപ്പനക്കാരുടേയും കിരാന സ്റ്റോറുകളുടേയും ഇബിറ്റുബി പ്ലാറ്റ്ഫോം ആയ ഉഡാനിൽ റിലയൻസ് കൺസ്യൂമർ പ്രൊഡക്ട്സ് ലിമിറ്റഡിന്റെ ശീതള പാനീയ ബ്രാൻഡായ കാമ്പ ലഭ്യമാക്കുന്നതിനുള്ള വിതരണ പങ്കാളിത്തത്തിന് തുടക്കമായി. തുടക്കത്തിൽ ഇന്ത്യയിലുടനീളം അര ലക്ഷത്തിലേറെ ചെറുകിട സ്റ്റോറുകളിൽ ഇതുവഴി കാമ്പയുടെ വിവിധ രുചികളിലുള്ള ശീതളപാനീയങ്ങൾ വിൽപ്പനയ്ക്കെത്തും. അടുത്ത രണ്ടു മാസത്തിനകം ഒരു ലക്ഷത്തിലേറെ ചെറുകിട സ്റ്റോറുകളിൽ കാമ്പ ബ്രാൻഡിലുള്ള പാനീയങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം.200 മി.ലി, 500 മി.ലി, രണ്ടു ലീറ്റർ ഫാമിലി പാക്ക് എന്നിങ്ങനെ വിവിധ അളവുകളിലുള്ള പാക്കുകളിലായി കാമ്പയുടെ കോള, ഓറഞ്ച്, ക്ലിയർ ലൈം രുചികളാണ് ഈ പാനീയങ്ങളളെത്തുന്നത്.

# ഡിഫൻഡർ 130 ഔട്ട്ബൗണ്ട് ; പുത്തൻ വാഹന ശ്രേണിയുമായി ജാഗ്വർ ലാൻഡ് റോവർ



**കൊച്ചി:**ഡിഫൻഡർ ശ്രേണിയിലെ ആഡംബര വാഹനമായ ഡിഫൻഡർ 130 ഔട്ട്ബൗണ്ട് ഉൾപ്പടെ പുതിയ വാഹനങ്ങൾ വിപണിയിലെത്തിക്കാൻ ജാഗ്വാർ ലാൻഡ് റോവർ. 368 ടക ഡബ്ല്യു ഡിഫൻഡർ 130 വി8നും പുതിയ പാരമ്പര്യ പ്രചോദിത കൺട്രി എക്സ്റ്റീരിയർ പാക്കോടുകൂടിയ ഡിഫൻഡർ 110നും ഒപ്പമാണ് ഡിഫൻഡർ 130 ഔട്ട്ബൗണ്ടും ഡിഫൻഡർ നിരയിലേക്ക് എത്തുന്നത്. ഇതോടെ ഡിഫൻഡർ ശ്രേണിയിൽ ഉപഭോക്താക്കൾക്ക് കൂടുതൽ ചോയ്സുകളും ലഭ്യമാക്കുകയാണ് കമ്പനി. പുതിയ ഡിഫൻഡർ 130 ഔട്ട്ബൗണ്ട്, ആഡംബരപൂർണമായ ഇന്റീരിയർ സ്പെയ്സും ഓൾടെറൈൻ ശേഷിയുമുള്ളതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കുന്നു.അഞ്ച് സീറ്റുകളുമായെത്തുന്ന വാഹനം സാഹസികമായ പര്യവേക്ഷണത്തിന് വലിയ സാധ്യതകൾ നൽകുകയാണ്. വൈദഗ്ധ്യവും പ്രായോഗികതയും ആഗ്രഹിക്കുന്ന പര്യവേക്ഷകർക്ക് എല്ലാ സാഹസികതയും ഇത് അനായാസമാക്കുന്നു. ഫ്യൂജി വൈറ്റ്, സാന്റോറിനി ബ്ലാക്ക്, കാർപാത്തിയൻ ഗ്രേ, ഈഗർ ഗ്രേ എന്നീ കളർ ഓപ്ഷനുകളിലാണ് വാഹനം വിപണിയിലെത്തുന്നത്. ഇതോടൊപ്പം ഉന്നത നിലവാരമുള്ള സ്ക്രാച്ച് റസിസ്റ്റന്റ് മോഡൽ ആവശ്യമുള്ളവർക്ക് സാറ്റിൻ പ്രൊട്ടക്ടീവ് ഫിലിമിം ലഭ്യമാണ്. ഡിഫൻഡറിന്റെ തെളിയിക്കപ്പെട്ട ഇന്റലിജന്റ് ഓൾവീൽ ഡ്രൈവ് സിസ്റ്റം ആൻഡ് ടെറൈൻ റെസ്പോൺസ് തടുക്കാനാവാത്ത 4x4 കഴിവും അതോടൊപ്പം ഇലക്ട്രോണിക് എയർ സസ്പെൻഷനും അഡാപ്റ്റീവ് ഡൈനാമിക്സുകളും പുതിയ മോഡലിന്റെയും ഭാഗമാണ്. അത്യാധുനിക ഓഫ് റോഡ് ഡ്രൈവിങ് സാങ്കേതികവിദ്യകൾ ഏത് ഭൂപ്രകൃതിയിലും സുഗമമവും സുരക്ഷിതവുമായ ഡ്രൈവിംഗ് ഉറപ്പുനൽകുന്നു. ഇതിനുപുറമെ ഇലക്ട്രോണിക് എയർ സസ്പെൻഷൻ 430 എംഎം വരെ ആർട്ടിക്കുലേഷനും 900 എംഎം വരെ വേയ്ഡിങ്ങും നൽകുന്നു. ഡിഫൻഡർ 130 ഔട്ട്ബൗണ്ട് പി 400 പെട്രോൾ, ഡി 300 ഡീസൽ ഇഞ്ചനീയം പവർ എന്നിവയിൽ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഫെഡറൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാം: അപേക്ഷ 30 വരെ

**കൊച്ചി:** ഫെഡറൽ ബാങ്ക് മണിപ്പാൽ ഗ്ലോബൽ എജുക്കേഷൻ സർവീസസുമായി ചേർന്ന് നടത്തുന്ന ശമ്പളത്തോടെയുള്ള പഠന, പരിശീലന പദ്ധതിയായ ഫെഡറൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന് ഏപ്രിൽ 30 വരെ അപേക്ഷിക്കാം. രണ്ടു വർഷമാണ് പ്രോഗ്രാം കാലാവധി. പഠനത്തോടൊപ്പം ഫിനാൻഷ്യൽ ക്രൈം കംപ്ലയൻസ് സ്പെഷ്യലിസ്റ്റ് ആയി രണ്ടു വർഷം ജോലിയും ലഭിക്കും. ആദ്യ വർഷം 4.5 ലക്ഷം രൂപയും രണ്ടാം വർഷം 5.7 ലക്ഷം രൂപ വരേയും വേതനവും മറ്റു ആനുകൂല്യങ്ങളും ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പിജി ഡിപ്ലോമ ഇൻ റിസ്ക് കംപ്ലയൻസ് സർട്ടിഫിക്കറ്റ് ലഭിക്കും. കോഴ്സ് മികച്ച രീതിയിൽ പൂർത്തിയാക്കുന്നവരെ ഫെഡറൽ ബാങ്കിൽ ഓഫീസർ പദവിയിൽ ജോലിക്ക് പരിഗണിക്കും. അപേക്ഷകരുടെ പ്രായ പരിധി 27 വയസ്സാണ്. എസ് സി, എസ് ടി വിഭാഗക്കാർക്ക് അഞ്ചു വർഷം വയസ്സിളവുണ്ട്. ഫെഡറൽ ബാങ്കിന്റെ വെബ്സൈറ്റിലെ കരിയർ പേജ് മുഖേന അപേക്ഷിക്കാം.
https://www.federalbank.co.in/career

## ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം; ഉദ്യോഗാർത്ഥികൾക്ക് അവസരമൊരുക്കി കേരള ഐ.ടി പാർക്ക്സ്

**ഐ.സി.ടി അക്കാദമി കേരള, സ്റ്റാർട്ട് അപ്പ് മിഷൻ, ജി ടെക്, കാഫിറ്റ് തുടങ്ങിയവയുമായി സഹകരിച്ച് നടത്തിയ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ കഴിഞ്ഞ വർഷം ബിരുദം നേടിയവരും അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരുന്ന ഉദ്യോഗാർഥികളുമാണ് രജിസ്ട്രേഷനും ഇന്റർവ്യൂവും വഴി ഇന്റേൺഷിപ്പിന് അവസരം നേടിയത്**

**തിരുവനന്തപുരം:** ഉദ്യോഗാർത്ഥികൾക്ക് ഇന്റേൺഷിപ്പ് വഴി തൊഴിലവസരം ഒരുക്കി കേരള ഐ.ടി പാർക്ക്സ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട മൂന്ന് ഐ.ടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവിടങ്ങളിലെ കമ്പനികളുമായി ചേർന്ന് നടപ്പാക്കിയ ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് വഴിയാണ് നൂറ്റൻപതോളം ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭ്യമാക്കിയത്.ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുത്ത 90 ശതമാനം ഉദ്യോഗാർത്ഥികളും വിവിധ കമ്പനികളിൽ ഇതിനോടകം ജോലി നേടി. 2022 ഓഗസ്റ്റിൽ ആരംഭിച്ച ഇന്റേൺഷിപ്പിൽ 175 ഉദ്യോഗാർത്ഥികളാണ് രജിസ്റ്റർ ചെയ്തത്. 150 പേർ വിവിധ കമ്പനികളിൽ ജോലി നേടി. വിവിധ കമ്പനികൾ ഉദ്യോഗാർത്ഥികളെ ഏറ്റെടുക്കുന്നതിന്റെ വിവിധ ഘട്ടത്തിലാണ്. ടെക്നോപാർക്കിലെ വിവിധ കമ്പനികളിലായി 23 പേരും ഇൻഫോപാർക്കിലെ വിവിധ കമ്പനികളിൽ 40 പേരും സൈബർപാർക്കിലെ വിവിധ കമ്പനികളിൽ 56 പേരും സ്റ്റാർട്ട് അപ് മിഷനിലുള്ള വിവിധ കമ്പനികളിൽ 41 പേരും മലബാറിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ കാഫിറ്റിൽ (കാലിക്കറ്റ് ഫോറം ഫോർ ഐ.ടി) അംഗമായ വിവിധ കമ്പനികളിൽ 13 പേരും കേരളത്തിലെ ഐ.ടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കിൽ അംഗമായ കമ്പനികളിൽ രണ്ടുപേരുമാണ് ആദ്യഘട്ട ഇന്റേൺഷിപ്പിൽ പങ്കെടുത്തത്.സ്കിൽ ഡെവലപ്പ്മെന്റിനായി ഉദ്യോഗാർത്ഥികൾക്ക് ഇന്റേൺഷിപ്പ് വഴി വേണ്ട പരിശീലനം നൽകുക എന്ന ലക്ഷ്യമിട്ടാണ് സർക്കാർ പദ്ധതി പ്രഖ്യാപിച്ചത്. ആറുമാസം നീണ്ടുനിന്ന പദ്ധതിയിൽ മാസം 5000 രൂപ വരെ സർക്കാർ വിഹിതമായും കുറഞ്ഞത് ഇതേ തുക തന്നെ ഇന്റേൺഷിപ്പ് നൽകുന്ന സ്ഥാപനവും ഉദ്യോഗാർത്ഥികൾക്ക് സ്റ്റേഫന്റ് നൽകിയിരുന്നു. ഐ.ടി, ഐ.ടി ഇതര വ്യവസായങ്ങളുടെ ആവശ്യത്തിന് മതിയായ പരിശീലനം ലഭിച്ചവരുടെ അപര്യാപ്തത പരിഹരിക്കാനായാണ് ബജറ്റിൽ സർക്കാർ 20 കോടി രൂപ വകയിരുത്തി ആറ് മാസക്കാലത്തെ ഇന്റേൺഷിപ്പ് പരിശീലന പരിപാടി വിഭാവനം ചെയ്തത്.ഐ.സി.ടി അക്കാദമി കേരള, സ്റ്റാർട്ട് അപ്പ് മിഷൻ, ജി ടെക്, കാഫിറ്റ് തുടങ്ങിയവയുമായി സഹകരിച്ച് നടത്തിയ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ കഴിഞ്ഞ വർഷം ബിരുദം നേടിയവരും അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരുന്ന ഉദ്യോഗാർഥികളുമാണ് രജിസ്ട്രേഷനും ഇന്റർവ്യൂവും വഴി ഇന്റേൺഷിപ്പിന് അവസരം നേടിയത്. ഇഗ്നേറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ അടുത്ത എഡിഷൻ ഉടൻ തന്നെ ആരംഭിക്കാനുള്ള പദ്ധതിയിലാണ് അധികൃതർ.

